03
2024
ജൂൺ
ബുധൻ
മിഥുനം 19

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-5, Issue No.213 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-213 | പേജ് 4. വില 2.00 രൂപ




02 ഡിജിപിക്കെതിരായ പരാതി ഒത്തുതീർപ്പിലേക്ക്

03 15 വർഷം മുമ്പ് കാണാതായ യുവതിയെ കൊന്ന് കുഴിച്ചുമൂടി

04 പട്ടം എസ് യു ടി ആശുപത്രിയിൽ ദേശീയ ഡോക്ടർ ദിനം ആചരിച്ചു

# ഗൾഫ് യാത്രാ കപ്പൽ, കൊച്ചിയിൽനിന്ന്

തിരുവനന്തപുരം: കേരള മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ ദുബായ് സെക്ടറിൽ നിന്നും കേരളത്തിലേക്ക് ആരംഭിക്കുന്ന യാത്രാ കപ്പൽ സർവീസ് കൊച്ചി തുറമുഖവുമായി ബന്ധപ്പെടുത്തി നടപ്പാക്കുന്ന നടപടികളുമായി സർക്കാർ മുന്നോട്ട് പോവുകയാണെന്ന് തുറമുഖ മന്ത്രി വി എൻ വാസവൻ. കെ എൻ ഉണ്ണികൃഷ്ണൻ ഉന്നയിച്ച ഉപക്ഷേപത്തിന് മറുപടി നൽകുകയായിരുന്നു അദ്ദേഹം.

യാത്രാ കപ്പൽ സർവീസ് ആരംഭിക്കണമെന്ന പ്രവാസി മലയാളികളുടെ നിരന്തര അഭ്യർത്ഥന മാനിച്ചാണ് മാരിടൈം ബോർഡ് ഇതിനായുള്ള നടപടികൾ സ്വീകരിച്ചത്. ഇത്തരത്തിൽ കപ്പൽ സർവീസ് നടത്താൻ താല്പര്യമുള്ള കമ്പനികളിൽ നിന്നും താല്പര്യപത്രം ക്ഷണിക്കുകയും താല്പര്യം അറിയിച്ചു കൊണ്ട് മുന്നോട്ടു വന്ന വൈറ്റ് സീ പ്രൈവറ്റ് ലിമിറ്റഡ്, ജാബൽ വെഞ്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്നീ രണ്ട് കമ്പനികളുമായി ബോർഡ് ചർച്ച നടത്തുകയും ചെയ്തു.

പ്രസ്തുത ചർച്ചയിൽ കൊച്ചി തുറമുഖമാണ് ആദ്യഘട്ടത്തിൽ കേരളത്തിൽ വലിയ കപ്പലുകൾ അടുക്കാൻ സജ്ജമായിട്ടുള്ളത് എന്ന് കണ്ടെത്തി. ആയതിനാൽ ആദ്യഘട്ടമെന്ന നിലയിൽ ഗൾഫ് മേഖലയിൽ നിന്നും കേരളത്തിലേക്ക് നടപ്പാക്കാനുദേശിക്കുന്ന യാത്രാ കപ്പൽ സർവീസ് അവിടെനിന്നാവും ആരംഭിക്കുക. സംസ്ഥാനത്തുള്ള മേജർ തുറമുഖങ്ങളിലൊനായ കൊച്ചി തുറമുഖത്തിന്റെ വികസനത്തിനും സംസ്ഥാന താല്പര്യം മുൻനിർത്തിയുള്ള ചരക്ക് യാത്രാ കപ്പൽ ഗതാഗതത്തിനും ആവശ്യമായ ഇടപെടലുകൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്നും യഥാസമയം ഉണ്ടാകാറുണ്ടെന്നും മന്ത്രി പറഞ്ഞു.

# ഐഎഎസ് ഉദ്യോഗസ്ഥ തലത്തിൽ മാറ്റം; രേണു രാജിന് മാറ്റം, മേഘശ്രീയ്ക്ക് വയനാട് കളക്ടറായി നിയമനം

തിരുവനന്തപുരം: സംസ്ഥാനത്ത് ഐഎഎസ് ഉദ്യോഗസ്ഥ തലത്തിൽ മാറ്റം. വയനാട് കളക്ടർ രേണു രാജിനെ എസ്ടി വകുപ്പ് ഡയറക്ടറായി സ്ഥലം മാറ്റി. രേണു രാജിന് പകരം മേഘശ്രീ വയനാട് കളക്ടറായി ചുമതലയേൽക്കും.കർണാടക സ്വദേശിയാണ് മേഘശ്രീ. വയനാട് ജില്ലയിലെ വന്യമൃഗ ശല്യത്തിന് പരിഹാരം കാണാനുള്ള ശ്രമത്തിൻറെ ഭാഗമായാണ് മേഘശ്രീയെ കളക്ടറായി വയനാട്ടിൽ നിയമിച്ചത്.

ഡോക്ടർ അഥീല അബ്ദുള്ള കൃഷി വകുപ്പ് ഡയറക്ടറാകും. ബി. അബ്ദുൽ നാസറിനെ പുതിയ ഫിഷറീസ് ഡയറക്ടറായി നയമിച്ചു.

ഒ.ആർ. കേളു സംസ്ഥാന മന്ത്രിസഭയിൽ അംഗമായതിന് പിന്നാലെയാണ് ഐഎഎസ് ഉദ്യോഗസ്ഥർക്കിടയിൽ അഴിച്ചുപണി.

# തിക്കിലും തിരക്കിലും പെട്ട് 120 മരണം

## ചിതറിക്കിടക്കുന്ന മൃതദേഹങ്ങൾ, ശവപ്പറമ്പായി ആശുപത്രി



ലഖ്നൗ: ഉത്തർപ്രദേശിലെ ഹാഥ്റസിൽ മതപരമായ ചടങ്ങിനിടെയുണ്ടായ തിക്കിലുംതിരക്കിലും വൻ ദുരന്തം. 120 പേർ മരിച്ചതായാണ് നിലവിൽ പുറത്തുവരുന്ന വിവരം. നിരവധിപേർക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. മരണസംഖ്യ ഇനിയും ഉയർന്നേക്കുമെന്നാണ് ആശങ്ക. നൂറിലധികം പേരുടെ മൃതദേഹങ്ങൾ ആശുപത്രിയിലെത്തിയിട്ടുണ്ടെന്നും പരിക്കേറ്റവരെ ഇപ്പോഴും കൊണ്ടുവരികയാണെന്നും ജില്ലാ കളക്ടർ അഭിഷേക് കുമാർ പറഞ്ഞു.

മരിച്ചവരിൽ കൂടുതൽ സ്ത്രീകളാണുള്ളത്. കുട്ടികളും ഉൾപ്പെടുന്നു. ഹാഥ്റസ് ജില്ലയിലെ സിക്കന്ദ്ര റാവു പ്രദേശത്തുള്ള രതിഭാൻപൂർ ഗ്രാമത്തിൽ പ്രത്യേകം തയ്യാറാക്കിയ കൂടാരത്തിൽ ഒരു മതപ്രഭാഷകൻ തന്റെ അനുയായികളെ അഭിസംബോധന ചെയ്യുന്നതിനിടെയാണ് സംഭവം.

കനത്ത ചൂടിനിടെയായിരുന്നു പരിപാടി. മതപരമായ പരിപാടി അവസാനിച്ചപ്പോൾ എല്ലാവരും മടങ്ങാൻ തിരക്കുകൂട്ടി. സ്ഥലത്ത് ഒരു വലിയ ജനക്കൂട്ടം തടിച്ചുകൂടിയിരുന്നു. പ്രഭാഷകന്റെ വാഹനം കടന്നു പോകുന്നതുവരെ ജനങ്ങളെ കടത്തിവിടാതെയിരുന്നത് വലിയ തിരക്ക് രൂപപ്പെടാൻ ഇടയാക്കി. തിങ്ങിഞെരുങ്ങി പുറത്തുകടക്കുന്നതിനിടയിൽ പലരും വീണു. ശ്വാസം ലഭിക്കാതെ പലരും പ്രയാസപ്പെട്ടു. പുറത്തേക്കിറങ്ങാൻ ശ്രമിച്ചപ്പോൾ വാഹനങ്ങളും തടസ്സംസൃഷ്ടിച്ചു. ശ്വാസം കിട്ടാതെയും വീണിടത്തുനിന്ന് എഴുന്നേൽക്കാൻ കഴിയാതെയും വന്നതോടെ പലരുടെയും ജീവൻ പൊലിഞ്ഞുവെന്നും ദുരന്തത്തിൽ നിന്ന് അതിജീവിച്ചയാൾ പ്രതികരിച്ചു.

ഹാഥ്റസ് ജില്ലയിലെ സിക്കന്ദ്ര റാവു പ്രദേശത്തുള്ള രതിഭാൻപൂർ ഗ്രാമത്തിൽ ഭോലെ ബാബ എന്ന മതപ്രഭാഷകൻറെ ആത്മീയപ്രഭാഷണത്തിനായി പ്രത്യേകം തയ്യാറാക്കിയ കൂടാരത്തിൽനിന്ന് ആളുകൾ പുറത്തിറങ്ങുന്നതിനിടയിലാണ് അപകടമുണ്ടായത്. മതപ്രഭാഷകനായ ഭോലെ ബാബയുടെ സത്സംഗിലാണ് അപകടമുണ്ടായത്. കനത്ത ചൂടിനിടെയായിരുന്നു പരിപാടി.

ഉത്തർപ്രദേശിലെ ഹാഥ്റസ് ജില്ലയിലെ സിക്കന്ദര റാവു ട്രോമ സെന്റർ ചൊവ്വാഴ്ച വൈകീട്ടോടെ ഒരു ശവപ്പറമ്പായി മാറി. ആംബുലൻസുകളിലും ട്രക്കുകളിലും കാറുകളിലുമായി ചേതനയറ്റ ശരീരങ്ങൾ കൂട്ടത്തോടെയെത്തി. ആശുപത്രിമുറ്റത്ത് മൃതദേഹങ്ങൾ ചിതറിക്കിടന്നു. ബോധംനഷ്ടമായവരും മൃതദേഹങ്ങൾക്കിടയിലുണ്ടായിരുന്നു. ഹൃദയഭേദകമായ കാഴ്ചയായിരുന്നു അത്. ആശുപത്രി പരിസരത്തെങ്ങും നിലവിളികൾ മാത്രം. ഉറ്റവരുടെ ചേതനയറ്റ ശരീരത്തിന് മുന്നിൽ പരസ്പരം ആശ്വസിപ്പിച്ചുകൊണ്ട് നിസ്സഹായരായി നിൽക്കുന്ന ആളുകൾ.

'ഒരു ട്രക്കിൽ അഞ്ചോ ആറോ മൃതദേഹങ്ങൾക്കിടയിൽ ഒരു സ്ത്രീ കരഞ്ഞുകൊണ്ട് ഇരിക്കുന്നു. വാഹനത്തിൽനിന്ന് മകളുടെ മൃതദേഹം പുറത്തെടുക്കാൻ സഹായിക്കണമെന്ന് അവർ ആളുകളോട് അഭ്യർത്ഥിക്കുന്നു', പിടിഐ റിപ്പോർട്ടിൽ പറയുന്നു.

ഭോലെ ബാബ എന്ന സ്വയംപ്രഖ്യാപിത ആൾദൈവത്തിന്റെ സത്സംഗിൽ പങ്കെടുക്കാനെത്തിയ ആൾക്കൂട്ടത്തിലാണ് 116 പേരുടെ ജീവനെടുത്ത ദുരന്തമുണ്ടായത്. ഭരണകൂടത്തിന്റെ അനാസ്ഥയാണ് ദുരന്തത്തിന് കാരണമെന്നാണ് നാട്ടുകാരുടെ ആരോപണം.

27 മരണമെന്നായിരുന്നു ആദ്യ റിപ്പോർട്ട്. എന്നാൽ, മണിക്കൂറുകൾ പിന്നിടുമ്പോൾ മരണസംഖ്യയിൽ വലിയ കുതിച്ചുചാട്ടമാണ് ഉണ്ടായത്. ആശുപത്രിക്ക് പുറത്തും മോർച്ചറിക്ക് മുന്നിലും ആളുകൾ ഇരച്ചെത്തി. മരിച്ചവരിലേറെയും സ്ത്രീകളായിരുന്നു.

'200ഓളം പേർക്ക് പരിക്കേറ്റിട്ടുണ്ട്. എന്നാൽ, ഈ ആശുപത്രിയിൽ ഒരു ഡോക്ടർ മാത്രമാണുള്ളത്. ഓക്സിജൻ സൗകര്യവുമില്ല. ഇവിടെ എത്തിച്ച പലർക്കും ജീവനുണ്ട്. എന്നാൽ ശരിയായ ചികിത്സ അവർക്ക് നൽകാനാകുന്നില്ല', ആശുപത്രിക്ക് മുന്നിൽ നിന്നിരുന്ന ഒരു യുവാവിൻറെ വാക്കുകൾ ഉദ്ധരിച്ച് പി.ടി.ഐ റിപ്പോർട്ട് ചെയ്യുന്നു.

സത്സംഗ് കഴിഞ്ഞുപോകുന്നതിനിടെയാണ് അപകടമുണ്ടായതെന്ന് ദൃക്സാക്ഷിയായ ശകുന്തളാ ദേവി പ്രതികരിച്ചു. അമിതമായ ആൾക്കൂട്ടമാണ് തിക്കിനും തിരക്കിനും ഇടയാക്കിയതെന്ന് സിക്കന്ദര റാവു പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ പറഞ്ഞു.

സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ആഗ്ര അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, അലിഗഡ് ഡിവിഷണൽ കമ്മിഷണർ എന്നിവരടങ്ങുന്ന സംഘത്തെ നിയോഗിച്ചതായി ഉദ്യോഗസ്ഥർ അറിയിച്ചു.

# അബ്ദുൽ റഹീമിന്റെ വധശിക്ഷ റദ്ദാക്കി കോടതി; മാപ്പ് നൽകി കൊല്ലപ്പെട്ട സൗദി യുവാവിൻെറ കുടുംബം



റിയാദ് : വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട് റിയാദ് ജയിലിൽ കഴിയുന്ന കോഴിക്കോട് ഫറോക്ക് സ്വദേശി അബ്ദുൽ റഹീമിന് മാപ്പു നൽകാമെന്ന് കൊല്ലപ്പെട്ട സൗദി യുവാവിൻറെ കുടുംബം കോടതിയെ അറിയിച്ചു. ദയാധനം സ്വീകരിച്ച് മാപ്പു നൽകാമെന്ന് കുടുംബം ഔദ്യോഗികമായി അറിയിച്ചതോടെ റഹീമിൻറെ മോചനം ഉടൻ സാധ്യമാകും. ദയാധനമായി കൊല്ലപ്പെട്ട അനസ് അൽ ശഹ്റിയുടെ കുടുംബം ആവശ്യപ്പെട്ട പതിനഞ്ചു മില്യൻ റിയാൽ നേരത്തെ തന്നെ റിയാദ് ക്രിമിനിൽ കോടതിക്ക് ചെക്ക് വഴി കൈമാറിയിരുന്നു.

മാപ്പു നൽകിയുള്ള കുടുംബത്തിൻറെ സമ്മതപത്രം ഉടൻ റിയാദ് കോടതി റിയാദ് ഗവർണറേറ്റിന് കൈമാറും. റിയാദ് ജയിലിൽ കഴിയുന്ന റഹീം അധികം വൈകാതെ ജയിൽ മോചിതനാക്കും. തുടർന്ന് റിയാദ് വിമാനത്താവളം വഴി റഹീമിനെ നാട്ടിലേക്ക് അയക്കും.

റഹീമിന് മാപ്പു നൽകാമെന്ന് ഇന്ന് ഉച്ചയോടെയാണ് കുടുംബം റിയാദ് കോടതിയിൽ എത്തി ഔദ്യോഗികമായി അറിയിച്ചത്. കഴിഞ്ഞ ദിവസങ്ങളിൽ കേസ് കോടതിയുടെ പരിഗണനയ്ക്ക് വന്നിരുന്നെങ്കിലും സൗദി യുവാവിൻറെ കുടുംബം എത്തിയിരുന്നില്ല. തുടർന്നാണ് കേസ് ഇന്നത്തേക്ക് മാറ്റിവെച്ചത്.

അബ്ദുറഹീമിൻറെ മോചനത്തിന് സ്വരൂപിച്ച 15 മില്യൻ റിയാൽ കഴിഞ്ഞ മാസം മൂന്നിനാണ് ഇന്ത്യൻ എംബസി റിയാദ് ഗവർണറേറ്റ് വഴി റിയാദ് ക്രിമിനൽ കോടതിക്ക് കൈമാറിയത്. ഇന്ത്യൻ എംബസി ഉദ്യോഗസ്ഥൻ യൂസുഫ് കാക്കഞ്ചേരി, റഹീം കേസിലെ അറ്റോർണി സിദ്ദീഖ് തുവ്വൂർ എന്നിവർ റിയാദ് ഗവർണറേറ്റിലെത്തിയാണ് റിയാദ് ക്രമിനൽ കോടതി ചീഫ് ജസ്റ്റിസിൻറെ പേരിലുള്ള ചെക്ക് ജൂൺ കൈമാറിയത്. വാദി ഭാഗം അഭിഭാഷകനും ഗവർണറേറ്റിലെത്തിയിരുന്നു.

# മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായി വിദ്യാഭ്യാസകായിക അവാർഡ്

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്(മത്സ്യ ബോർഡ്) മത്സ്യതൊഴിലാളിഅനുബന്ധ തൊഴിലാളികളുടെ മക്കൾക്കായി നടപ്പാക്കി വരുന്ന വിദ്യാഭ്യാസകായിക പ്രോത്സാഹന അവാർഡിന് അപേക്ഷ ക്ഷണിച്ചു. 2023 2024 അധ്യയന വർഷം എസ്.എസ്.എൽ.സി, പ്ലസ്. ടു/ വി.എച്ച്.എസ്.സി പരീക്ഷകളിൽ ഉന്നത വിജയം നേടിയവർ, ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ നിന്ന് ഉന്നത വിജയം നേടിയവർ, കായിക മത്സരങ്ങളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും വിജയം നേടുന്നവർ എന്നിവർക്കാണ് അവാർഡിന് അർഹതയുള്ളത്.

എസ്.എസ്.എൽ.സി പരീക്ഷയിൽ 8അ+, 9അ+, 10അ+ വാങ്ങിയ വിദ്യാർഥികൾക്കും പ്ലസ് ടു വി.എച്ച്.എസ്.ഇ പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും അ+ വാങ്ങിയ വിദ്യാർഥികൾക്കും വിദ്യാഭ്യാസ അവാർഡിനും വ്യക്തിഗതവും ഗ്രൂപ്പ് അടിസ്ഥാനത്തിലും ഉള്ള കായിക മത്സര ഇനങ്ങളിൽ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ഒന്ന്,രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കായിക പ്രോത്സാഹന അവാർഡിനും അപേക്ഷിക്കാം

അപേക്ഷ , പരീക്ഷ പാസ് സർട്ടിഫിക്കറ്റിന്റെയും മാർക്ക് ലിസ്റ്റിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് , രക്ഷാകർത്താവിന്റെ ക്ഷേമനിധി ബോർഡ് പാസ് ബുക്കിന്റെ ഫോട്ടോ പതിച്ച പേജ്,. കുടുംബ വിവര പേജ് , വിഹിതമടവ് രേഖപ്പെടുത്തിയിട്ടുള്ള പേജ് എന്നിവയുടെ പകർപ്പ്, വിദ്യാർഥിയുടെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, രണ്ട് പാസ്പോർട്ട് സൈസ് കളർ ഫോട്ടോ എന്നിവ സഹിതം ജൂലൈ 15നകം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫിഷറീസ് ഓഫീസുകളിൽ സമർപ്പിക്കണമെന്ന് മേഖല എക്സിക്യൂട്ടീവ് അറിയിച്ചു.

**അപേക്ഷ സമർപ്പിക്കേണ്ട ഓഫീസുകൾ**

ഫിഷറീസ് ഓഫീസ് പൂവാർ 9497715512
ഫിഷറീസ് ഓഫീസ് പള്ളം 9497715513
ഫിഷറീസ് ഓഫീസ് വിഴിഞ്ഞം 9497715514
ഫിഷറീസ് ഓഫീസ് വലിയതുറ 9497715515
ഫിഷറീസ് വെട്ടുകാട് 9497715516
ഫിഷറീസ് ഓഫീസ് പുത്തൻതോപ്പ് 9497715514
ഫിഷറീസ് ഓഫീസ് കായിക്കര 9497715518
ഫിഷറീസ് ഓഫീസ് ചിലക്കൂർ 9497715519



# ഷാഡോ പോലീസ് ചമഞ്ഞ് യുവാക്കളെ ആക്രമിച്ച കേസ്: ഒരാൾ കൂടി പിടിയിൽ

കാട്ടാക്കട: ഷാഡോ പോലീസ് ചമഞ്ഞ് യുവാക്കളെ ആക്രമിച്ച സംഭവത്തിൽ ഒരാൾ കൂടി പോലീസ് പിടിയിൽ. പൂവച്ചൽ കാപ്പിക്കാട് സ്വദേശി ഷഹനാസ് (36) ആണ് കാട്ടാക്കട പോലീസിൻറെ പിടിയിലായത്.

സ്ഥിരമായി തട്ടിപ്പ് ഉൾപ്പടെ നടത്തുന്ന സംഘത്തിലെ ഒരാളാണ് അറസ്റ്റിലായ ഷഹനാസ്. പോലീസ് ചമഞ്ഞ് തട്ടിപ്പ് നടത്തുന്ന കേസിലെ മറ്റൊരു പ്രതിയായ രാജേഷ് നേരത്തേ പിടിയിലായിരുന്നു. ഇവർക്കൊപ്പം കൂടുതൽ പേർ സംഘത്തിൽ ഉണ്ടെന്നും പോലീസ് പറയുന്നു. രാത്രി സിനിമകണ്ട് മടങ്ങും വഴിയാണ് വെള്ളനാട് സ്വദേശികളായ രണ്ട് യുവാക്കൾക്ക് മേയ് 14ന് അജ്ഞാതരുടെ മർദനമേറ്റത്. പ്രതികൾ ഇവരെ കത്തികാണിച്ച് ഭീഷണിപ്പെടുത്തി മൊബൈൽ ഫോൺ അടക്കം കവർന്നിരുന്നു.

രാത്രി ഒന്നരയോടെ നക്രാംഞ്ചിറയ്ക്ക് സമീപത്തുവച്ചാണ് വെള്ളനാട് സ്വദേശികളായ മനു, വിഷ്ണു എന്നിവരെ രണ്ട് ബൈക്കുകളിലായെത്തിയ അജ്ഞാതർ മർദിച്ചത്. ബസ് കാത്തിരിപ്പുകേന്ദ്രത്തിലിരിക്കുകയായിരുന്ന യുവാക്കൾക്ക് സമീപത്തേക്ക് എത്തി എന്തിനാണ് ഇവിടെയിരിക്കുന്നത് എന്നായിരുന്നു ആദ്യ ചോദ്യം.

തുടർന്ന് ഷാഡോ പോലീസുകാരാണെന്നും സ്റ്റേഷനിൽ കൊണ്ടുപോയി ചോദ്യം ചെയ്യണമെന്നും പറഞ്ഞ് ബലമായി ബൈക്കിൽ കയറ്റി പൂവച്ചൽ ഭാഗത്തേക്ക് കൊണ്ടുപോയി.

തുടർന്ന് ആളൊഴിഞ്ഞ പുരയിടത്തിലെത്തിച്ച് മർദിച്ചെന്നാണ് യുവാക്കൾ കാട്ടാക്കട പോലീസിൽ പരാതി നൽകിയത്. ഇരുവരുടെയും ശരീരമാസകലം പരിക്കുണ്ട്, കൈകൾക്ക് പൊട്ടലുമുണ്ട്. യുവാക്കളുടെ പരാതിയുടെ അടിസ്ഥാനത്തിൽ കാട്ടാക്കട പോലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതികൾ ഓരോരുത്തരായി പിടിയിലായത്.

# ഡിജിപിക്കെതിരായ പരാതി ഒത്തുതീർപ്പിലേക്ക്; ഉമർ ഷെരീഫിന് ഇന്ന് തന്നെ 30 ലക്ഷം നൽകും

തിരുവനന്തപുരം: ബാധ്യത മറച്ചുവച്ച് സംസ്ഥാന പോലീസ് മേധാവി ഷെയ്ക്ക് ദർവേസ് സാഹിബ് ഭൂമി വിൽക്കാൻ ശ്രമിച്ചെന്ന കേസിൽ പരാതി ഒത്തുതീർപ്പിലേക്ക്. പരാതിക്കാരനായ തിരുവനന്തപുരം സ്വദേശി ഉമർ ഷെരീഫിന് ഇന്ന് തന്നെ 30 ലക്ഷം നൽകും.

പണം തിരികെ കൊടുക്കാൻ ഡിജിപി തയാറായില്ലെങ്കിൽ വിശ്വാസവഞ്ചന ഉൾപ്പെടെയുള്ള കാര്യങ്ങൾ ചൂണ്ടിക്കാട്ടി പോലീസ് കേസുമായി മുന്നോട്ട് പോകാൻ ഒരുക്കമാണെന്നും പരാതിക്കാരൻ പ്രതികരിച്ചിരുന്നു. ഈ സാഹചര്യത്തിലാണ് കേസ് ഒത്തുതീർപ്പാക്കി മുഖം രക്ഷിക്കാനുള്ള ഡിജിപിയുടെ നീക്കം.

ഡിജിപിയുടെ ഭാര്യയുടെ പേരിലുള്ള ഭൂമിയുടെ ക്രയവിക്രയങ്ങളാണ് കഴിഞ്ഞ ദിവസം തിരുവനന്തപുരം സബ്കോടതി മരവിപ്പിച്ചത്. ഭൂമിയുടെ വായ്പാ ബാധ്യത മറച്ചുവച്ച് വിൽപനയ്ക്കായി അഡ്വാൻസ് വാങ്ങിയെന്ന പരാതിയിലായിരുന്നു നടപടി.

നെട്ടയത്തുള്ള 10 സെൻറ് ഭൂമിയുടെ ക്രയവിക്രയങ്ങളാണ് തടഞ്ഞത്. ഡിജിപിയും ഭാര്യയും ചേർന്നാണ് പണം വാങ്ങിയതെന്നാണ് ഹർജിക്കാരൻ പറഞ്ഞത്. അഞ്ച് ലക്ഷം രൂപ ഡിജിപിയുടെ ചേമ്പറിലെത്തി കൈമാറി. 25 ലക്ഷം ബാങ്ക് മുഖേന ഡിജിപിയുടെ ഭാര്യയുടെ അക്കൗണ്ടിൽ നൽകി. 30 ലക്ഷം രൂപ നൽകിയ ശേഷമാണ് വസ്തുവിൻറെ ബാധ്യതാ വിവരങ്ങൾ അറിഞ്ഞത്. കൂടുതൽ പണം ആവശ്യപ്പെട്ടപ്പോൾ നടത്തിയ അന്വേഷണത്തിലാണ് സ്ഥലത്തിന് ആൽത്തറ എസ്ബിഐ ബ്രാഞ്ചിൽ 26 ലക്ഷം ബാധ്യതയുണ്ടെന്ന് അറിഞ്ഞത്.

ഇതിൻറെ അടിസ്ഥാനത്തിൽ കരാറിൽ നിന്ന് പിന്മാറുകയുമായിരുന്നു. പണം തിരികെ ആവശ്യപ്പെട്ടപ്പോൾ തരാമെന്ന് പറഞ്ഞെങ്കിലും കഴിഞ്ഞ ഒരു വർഷമായി തരുന്നില്ലെന്നായിരുന്നു പരാതി.

# പകർച്ചവ്യാധിയിലെ അടിയന്തരപ്രമേയത്തിന് അനുമതിയില്ല; പ്രതിപക്ഷം സഭയിൽനിന്ന് ഇറങ്ങിപ്പോയി

തിരുവനന്തപുരം: സംസ്ഥാനത്ത് മഞ്ഞപ്പിത്തം അടക്കമുള്ള രോഗങ്ങൾ പടരുന്നത് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുള്ള അടിയന്തരപ്രമേയ നോട്ടീസിന് സ്പീക്കർ അനുമതി നിഷേധിച്ചതോടെ പ്രതിപക്ഷം സഭയിൽനിന്ന് ഇറങ്ങിപ്പോയി. മുസ്‌ലീം ലീഗ് എംഎൽഎ ടി. വി. ഇബ്രാഹിം ആണ് നോട്ടീസ് നൽകിയത്.

പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന കാര്യത്തിൽ ജനങ്ങൾക്ക് വലിയ ആശങ്കയുണ്ട്. ആരോഗ്യവകുപ്പിൻറെ ഭാഗത്തുനിന്ന് കാര്യമായ ഇടപെടൽ ഉണ്ടാകുന്നില്ല. ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുമായിരുന്നു ആവശ്യം. കേരളത്തിൻറെ ആരോഗ്യവകുപ്പ് പനിപിടിച്ച് പുതച്ചുകിടക്കുകയാണെന്നും എംഎൽഎ വിമർശിച്ചു.

എന്നാൽ സംസ്ഥാനത്ത് മഞ്ഞപ്പിത്തം ബാധിച്ച് നിലവിൽ ആരും ചികിത്സയിൽ ഇല്ലെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് മറുപടി പറഞ്ഞു. നേരത്തേതിനേക്കാൾ രോഗവ്യാപനം കുറച്ചുകൊണ്ടുവരാൻ ആരോഗ്യവകുപ്പിന് കഴിഞ്ഞിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. ആരോഗ്യവകുപ്പ് പനി പിടിച്ച് കിടക്കുകയായിരുന്നെങ്കിൽ ഇബ്രാഹിം എംഎൽഎയുടെ മണ്ഡലമായ കൊണ്ടോട്ടിയിൽ 33 കോടി രൂപയുടെ ആശുപത്രി വികസനം ഉൾപ്പെടെ നടക്കില്ലായിരുന്നെന്നും മന്ത്രി തിരിച്ചടിച്ചു.

പകർച്ചവ്യാധികൾ തടയുന്നതിൽ സർക്കാർ പൂർണ പരാജയമാണെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ വിമർശിച്ചു. മഴക്കാലപൂർവ ശുചീകരണം ഏറ്റവും മോശമായ വർഷമാണിത്. തലസ്ഥാനത്ത് വെള്ളക്കെട്ട് ഉണ്ടായിട്ട് ഒരു മന്ത്രി പോലും തിരിഞ്ഞു നോക്കിയില്ലെന്നും സതീശൻ പറഞ്ഞു.

## മലയോര പട്ടയം വിവരശേഖരണം : അപേക്ഷ ജൂലൈ 25 വരെ നൽകാം

1977 ജനുവരി ഒന്നിന് മുൻപ് വനഭൂമിയിൽ കുടിയേറി താമസിച്ചു വരുന്നവർക്ക് അതത് പ്രദേശത്ത് ബാധകമായ ഭൂപതിവ് ചട്ടങ്ങൾ അനുസരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി മാർച്ച് ഒന്നു മുതൽ 30 വരെ നടത്തിയ വിവര ശേഖരണ പ്രക്രിയയിൽ അപേക്ഷ നൽകാൻ കഴിയാത്തവർക്ക്, ജൂലൈ 10 മുതൽ 25 വരെ അപേക്ഷ നൽകാൻ അവസരം. റവന്യു വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി ചേർന്ന റവന്യു സെക്രട്ടറിയറ്റ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷ നൽകാൻ സൗകര്യമൊരുക്കിയിട്ടുള്ളത്.

വനം, റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ നടന്ന ഇടങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ, ജോയിന്റ് വെരിഫിക്കേഷൻ നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ, നാളിതുവരെ പല കാരണങ്ങളാൽ പട്ടയത്തിന് അപേക്ഷിക്കാത്തവർ തുടങ്ങി അർഹരായ ഗുണഭോക്താക്കൾക്ക് ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ അപേക്ഷ നൽകാമെന്ന് ലാൻഡ് റവന്യൂ കമ്മിഷണർ അറിയിച്ചു.

# ഹിജാബിന് പിന്നാലെ മുംബൈ കോളജിൽ ജീൻസിനും വിലക്ക്

മുംബൈ: സാംസ്കാരിക അസമത്വം ചൂണ്ടിക്കാണിച്ച് വിദ്യാർത്ഥികളെ ടോൺ ജീൻസ്(കീറിയ ജീൻസ്), ടിഷർട്ട് എന്നിവ ധരിക്കുന്നതിൽ നിന്ന് വിലക്കി മുംബൈയിലെ കോളജ്. കാമ്പസിൽ വിദ്യാർത്ഥികൾ ഔപചാരികവും മാന്യവുമായ വസ്ത്രം ധരിക്കണമെന്ന് ജൂൺ 27ന് പുറപ്പെടുവിച്ച നോട്ടീസിൽ എൻ ജി ആചാര്യ ആന്റ് ഡി കെ മറാത്ത കോളജ് പറഞ്ഞു.

വിദ്യാർത്ഥികൾക്ക് ഏതൊക്കെ തരത്തിലുള്ള വസ്ത്രങ്ങൾ ധരിക്കാമെന്നും കോളജ് നോട്ടീസിൽ പറയുന്നുണ്ട്. ആൺകുട്ടികൾക്ക് ഹാഫ് അല്ലെങ്കിൽ ഫുൾ ഷർട്ടും പാൻസും ധരിക്കാം. പെൺകുട്ടികൾക്ക് ഇന്ത്യൻ സംസ്കാരത്തിലുള്ളതും അല്ലെങ്കിൽ പാശ്ചാത്യ വസ്ത്രവും ധരിക്കാമെന്നും നോട്ടീസ് പറയുന്നു.

കോളജിൽ ഹിജാബ്, ബുർഖ, നഖബ് എന്നിവയ്ക്ക് നിരോധനം ഏർപ്പെടുത്താനുള്ള നീക്കത്തിനെതിരെയുള്ള ഹർജിയിൽ ബോംബെ ഹൈക്കോടതി ഇടപെടാൻ വിസമ്മതിച്ചതിന് പിന്നാലെയാണ് അധികൃതരുടെ ഭാഗത്ത് നിന്ന് പുതിയ നിർദേശം ഉണ്ടായിരിക്കുന്നത്.

'വിദ്യാർത്ഥികൾ മതം വെളിപ്പെടുത്തുന്നതോ സാംസ്കാരിക അസമത്വം കാണിക്കുന്നതോ ആയ വസ്ത്രം ധരിക്കരുത്. നകബ്, ഹിജാബ്, ബുർഖ, ഷോൾ, തൊപ്പി മുതലായവ താഴത്തെ നിലയിലെ മുറികളിൽ പോയി നീക്കം ചെയ്യണം, എങ്കിൽ മാത്രമേ കോളജ് കാമ്പസിലൂടെ സഞ്ചരിക്കാൻ കഴിയൂ, കീറിയ ജീൻസ്, ടിഷർട്ടുകൾ, ജഴ്സികൾ എന്നിവ കാമ്പസിൽ അനുവദനീയമല്ലെന്നും നോട്ടീസിൽ പറയുന്നു.

## വിവിധ തസ്തികകളിൽ അഭിമുഖം ജൂലൈ നാലിന്

തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനു കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററിൽ സെയിൽസ് എക്സിക്യൂട്ടീവ് (പുരുഷന്മാർ), സെയിൽസ് മാനേജർ (പുരുഷന്മാർ), ടെലികോളർ (സ്ത്രീകൾ), ഡിജിറ്റൽ മാർക്കറ്റിങ് എക്സിക്യൂട്ടീവ് (സ്ത്രീകൾ), ബിസിനസ് ഡെവലപ്മെൻറ് എക്സിക്യൂട്ടീവ് (സ്ത്രീകൾ/പുരുഷന്മാർ), അസിസ്റ്റൻറ് ബിസിനസ്സ് മാനേജർ (സ്ത്രീകൾ/പുരുഷന്മാർ) എന്നീ തസ്തികകളിലേക്ക് ജൂലൈ നാലിന് അഭിമുഖം നടത്തുന്നു. രാവിലെ 10 മുതലാണ് അഭിമുഖം.

സെയിൽസ് എക്സിക്യൂട്ടീവ്

യോഗ്യത :ബിരുദം/പ്ലസ് ടു ഫ്രഷേഴ്സ് /പ്രവൃത്തിപരിചയം

സെയിൽസ് മാനേജർ ,യോഗ്യത : ബിരുദം/എംബിഎ

ടെലി കോളർ , ഡിജിറ്റൽ മാർക്കറ്റിങ് എക്സിക്യൂട്ടീവ്

യോഗ്യത: ബിരുദം/പ്ലസ് ടു

ബിസിനസ് ഡെവലപ്മെൻറ് എക്സിക്യൂട്ടീവ് , അസിസ്റ്റൻറ് ബിസിനസ് മാനേജർ, യോഗ്യത: ബിരുദം ,

പ്രായപരിധി 35 വയസ്. പ്രവർത്തി പരിചയം ഉള്ളവർക്കും ഇല്ലാത്തവർക്കും എംപ്ലോയബിലിറ്റി സെന്ററിൽ രജിസ്റ്റർ ചെയ്ത് ,അഭിമുഖത്തിൽ പങ്കെടുക്കാവുന്നതാണെന്ന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0471 2992609, 8921916220

# എയർ ഇന്ത്യയുടെ കാർഗോ ഡിജിറ്റലൈസേഷൻ വിപുലീകരണത്തിനായി ഐബിഎസ് സോഫ്റ്റ് വെയറിനെ തെരഞ്ഞെടുത്തു




തിരുവനന്തപുരം: ഇന്ത്യയിലെ പ്രമുഖ ആഗോള എയർലൈനായ എയർ ഇന്ത്യയുടെ കാർഗോ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മുൻനിര ഏവിയേഷൻ സോഫ്റ്റ് വെയർ നിർമ്മാതാക്കളായ ഐബിഎസ് സോഫ്റ്റ് വെയറിനെ തെരഞ്ഞെടുത്തു. ഡിജിറ്റൽ പരിവർത്തനത്തിലൂടെയുള്ള എയർ ഇന്ത്യയുടെ വളർച്ച വേഗത്തിലാക്കുന്നതിൻറെ ഭാഗമായാണ് ഐബിഎസിൻറെ കാർഗോ സൊല്യൂഷനെ തെരഞ്ഞെടുത്തിട്ടുള്ളത്.

എയർ ഇന്ത്യയുടെ എയർ കാർഗോ പ്രവർത്തനങ്ങൾ പൂർണമായും ഡിജിറ്റലൈസ് ചെയ്യാൻ ഐബിഎസിൻറെ ഐകാർഗോ സൊല്യൂഷൻ വിന്യസിക്കും. ഒറ്റ പ്ലാറ്റ് ഫോമിൽ എൻഡ് ടു എൻഡ് കാർഗോ പ്രവർത്തനങ്ങളെ തടസ്സമില്ലാതെ സംയോജിപ്പിക്കാൻ ഇതിലൂടെ സാധിക്കും. കാർഗോബിസിനസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഇത് എയർ ഇന്ത്യയെ സഹായിക്കും.

പാസഞ്ചർ സർവീസുകൾ, ഫ്ലീറ്റ്, കാർഗോ ഓപ്പറേഷൻസ് തുടങ്ങിയ പ്രധാന ബിസിനസുകളിൽ എയർ ഇന്ത്യ ഡിജിറ്റൽ പരിവർത്തനം ആരംഭിച്ച സമയത്താണ് ഐബിഎസുമായുള്ള ഈ പങ്കാളിത്തം.

എയർ ഇന്ത്യയിലെ ഐബിഎസിൻറെ ആദ്യ എൻഡ് ടു എൻഡ് ഐ കാർഗോ സൊല്യൂഷൻ വിന്യസിക്കൽ ആരംഭിച്ച് ഒമ്പത് മാസത്തിനുള്ളിൽ പ്രവർത്തനക്ഷമമാകും. 2030 ഓടെ പ്രതിവർഷം പത്ത് ദശലക്ഷം ടൺ എയർ കാർഗോ കൈകാര്യം ചെയ്യുകയെന്ന ലക്ഷ്യത്തോടെയായിരിക്കും തുടർന്നുള്ള ഘട്ടങ്ങളിൽ പ്രവർത്തിക്കുക.

വ്യോമയാന മേഖലയിൽ ആഗോളതലത്തിലെ സുപ്രധാന സ്ഥാനം ഉറപ്പിക്കുന്നതിനൊപ്പം ഭാവിയിലെ വളർച്ചയ്ക്ക് അടിത്തറയുണ്ടാക്കാനുള്ള പ്രവർത്തനങ്ങളുമായി എയർ ഇന്ത്യ മുന്നോട്ടു പോകുകയാണെന്ന് എയർ ഇന്ത്യ ചീഫ് കൊമേഴ്സ്യൽ ആൻഡ് ട്രാൻസ്ഫോർമേഷൻ ഓഫീസർ നിപുൺ അഗർവാൾ പറഞ്ഞു. ഭാവി വളർച്ചയ്ക്കായുള്ള മാർഗരേഖയിൽ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ എയർ കാർഗോ മാനേജ്മെൻറ് ഏറെ പ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു.ലോകത്തിലെ ഏറ്റവും മികച്ച എയർലൈനുകളിൽ ഒന്നെന്ന നിലയിൽ എയർ ഇന്ത്യയുമായുള്ള പങ്കാളിത്തം ഐബിഎസ് സോഫ്റ്റ് വെയറിന് അഭിമാന നിമിഷമാണെന്ന് ഐബിഎസ് സോഫ്റ്റ് വെയർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സോമിത് ഗോയൽ ചൂണ്ടിക്കാട്ടി. ഇന്ത്യൻ വ്യോമയാന വിപണി നേട്ടത്തിൻറെ പാതയിലാണ്. ഈ വളർച്ചയെ നയിക്കാൻ പ്രതിജ്ഞാബദ്ധമായ കമ്പനിയുമായി സഹകരിക്കുന്നതിൽ ഐബിഎസ് സന്തുഷ്ടരാണ്. ഐബിഎസിൻറെ ഡിജിറ്റൽ പ്ലാറ്റ് ഫോമിന് എയർ ഇന്ത്യയുടെ കാർഗോ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങളെ പൂർണമായി പിന്തുണയ്ക്കാനും പുതിയ ഉയരങ്ങളിലെത്തിക്കാനുമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കേരളകർണ്ണാടകലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് നിർദേശം

ഇന്ന് കേരളകർണ്ണാടക ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

ഇന്നും (ജൂലൈ രണ്ട്) നാളെയും (ജൂലൈ മൂന്ന്) മധ്യ പടിഞ്ഞാറൻ അറബിക്കടൽ, മധ്യകിഴക്കൻ അറബിക്കടലിന്റെ ഭാഗങ്ങൾ എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ഗൾഫ് ഓഫ് മാന്നാർ, അതിനോട് ചേർന്ന തെക്കൻ തമിഴ്നാട് തീരം, തെക്ക് കിഴക്കൻ അറബിക്കടലിന്റെ വടക്കൻ ഭാഗങ്ങൾ, തെക്കൻ ബംഗാൾ ഉൾക്കടൽ, മധ്യ ബംഗാൾ ഉൾക്കടൽ, വടക്കൻ ബംഗാൾ ഉൾക്കടൽ, വടക്കൻ ആന്ധ്രപ്രദേശ് തീരം എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ജൂലൈ നാല് , ജൂലൈ അഞ്ച് തിയതികളിൽ മധ്യ പടിഞ്ഞാറൻ അറബിക്കടൽ, മധ്യകിഴക്കൻ അറബിക്കടലിന്റെ ഭാഗങ്ങൾ, മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ എന്നിവിടങ്ങളിൽ മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 65 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്.

ജൂലൈ നാല് മുതൽ ആറ് വരെ ഗൾഫ് ഓഫ് മാന്നാർ, അതിനോട് ചേർന്ന തെക്കൻ തമിഴ്നാട് തീരം, തെക്ക് കിഴക്കൻ അറബിക്കടലിന്റെ വടക്കൻ ഭാഗങ്ങൾ, തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, തെക്ക് കിഴക്കൻ ബംഗാൾ ഉൾക്കടലിന്റെ വടക്കൻ ഭാഗങ്ങൾ, മധ്യ ബംഗാൾ ഉൾക്കടൽ അതിനോട് ചേർന്ന വടക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടൽ, വടക്കൻ ആന്ധ്രപ്രദേശ് തീരം എന്നിവിടങ്ങളിൽ മണിക്കൂറിൽ 35 മുതൽ 45 കിലോമീറ്റർ വരെയും ചില അവസരങ്ങളിൽ 55 കിലോമീറ്റർ വരെയും വേഗതയിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുണ്ട്. ഈ സാഹചര്യത്തിൽ മുന്നറിയിപ്പുള്ള ദിവസങ്ങളിൽ ഈ പ്രദേശങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണമെന്നും കേന്ദ്ര കാലാവസ്ഥാവകുപ്പ് അറിയിച്ചു.

## സ്പോട്ട് അഡ്മിഷൻ

നെടുമങ്ങാട് സർക്കാർ പോളിടെക്നിക് കോളേജിൽ കമ്പ്യൂട്ടർ എൻജിനിയറിങ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ എൻജിനിയറിങ്, ഇലക്ട്രോണിക്സ് എൻജിനിയറിങ് എന്നീ ഡിപ്ലോമ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കായി ലാറ്ററൽ എൻട്രി (രണ്ടാം വർഷത്തിലേക്ക്) സ്പോട്ട് അഡ്മിഷൻ ജൂലൈ എട്ടിനു നടത്തും. അന്നേ ദിവസം രാവിലെ 11 മണി വരെ കോളേജിൽ എത്തിച്ചേരുന്നവരുടെ റാങ്ക് അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. പുതുതായി അപേക്ഷ സമർപ്പിച്ചവർക്കും, നിലവിൽ ലാറ്ററൽ എൻട്രി റാങ്ക് ലിസ്റ്റിൽ ഉള്ളവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം. ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവർക്ക് കോളേജിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.

ഈ സൗകര്യം ജൂലൈ 4 വരെ മാത്രമേ ഉണ്ടായിരിക്കൂ. പ്ലസ്ടു / വി.എച്ച്.എസ്.ഇ (സയൻസ്) അല്ലെങ്കിൽ ഐ.ടി.ഐ / കെ.ജി.സി.ഇ (2 വർഷം) 50 ശതമാനം മാർക്കിൽ കുറയാതെ പാസായിരിക്കണം. അപേക്ഷ/അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ: പ്ലസ്ടു / വി.എച്ച്.എസ്.ഇ/ ഐ.ടി.ഐ/ കെ.ജി.സി.ഇ സർട്ടിഫിക്കറ്റ് & മാർക്ക് ലിസ്റ്റ്, ടി.സി, സ്വഭാവ സർട്ടിഫിക്കറ്റ്, കമ്യൂണിറ്റി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ആധാർ. ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള എല്ലാ വിഭാഗക്കാർക്കും എസ്.സി./ എസ്.ടി/ ഒ.ഇ.സി വിഭാഗക്കാർക്കും അർഹമായ ഫീസ് ഇളവ് ലഭിക്കും. കുടുതൽ വിവരങ്ങൾക്ക്: 9497688633.

## നാല് വർഷ ഓണേഴ്സ് ബിരുദ പഠനം ബഹുമുഖ പ്രതിഭകളെ സൃഷ്ടിക്കും : ഡോ. ഖദീജ മുംതാസ്

തിരുവനന്തപുരം: വിദ്യാർത്ഥികളുടെ ബഹുമുഖ വികാസത്തിന് നാല് വർഷത്തെ ബിരുദ പഠനം സഹായകരമാകുമെന്ന് നോവലിസ്റ്റ് ഡോ. ഖദീജ മുംതാസ്. കേരള സർവകലാശാല കാര്യവട്ടം കാമ്പസിൽ നാലുവർഷ ബിരുദ വിദ്യാർത്ഥികളുടെ ഇൻഡക്ഷൻ പ്രോഗ്രാമിൽ സംസാരിക്കുകയായിരുന്നു അവർ. പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് കോഴ്സുകൾ തിരഞ്ഞെടുക്കാമെന്നത് നൂതനമായ സംവിധാനമാണ്. ഇതിലൂടെ നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗം ലോകോത്തര നിലവാരത്തിലേക്ക് ചുവടുവയ്ക്കുന്നത് അഭിമാനകരമാണ്. അസമത്വങ്ങളെ ഇല്ലാതാക്കുന്ന മൂല്യ സങ്കല്പങ്ങൾ ഉറപ്പായും പുതിയ പാഠ്യപദ്ധതിയുടെ ഭാഗമാകണമെന്നും ഖദീജ മുംതാസ് പറഞ്ഞു. പ്രതിബദ്ധതയും വിദ്യാർത്ഥി സമൂഹവും എന്ന വിഷയത്തിൽ കേരള പഠനവിഭാഗം അധ്യാപകൻ ഡോ. എസ് നസീബ് ക്ലാസെടുത്തു. അണ്ടർ ഗ്രാജ്വേറ്റ് സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. സാം സോളമൻ, സിഎസ്എസ്. വൈസ് ചെയർമാൻ പ്രൊഫ. ആർ ജയചന്ദ്രൻ, ഹിന്ദി വിഭാഗം മേധാവി എസ് ആർ ജയശ്രീ, പബ്ലിക്കേഷൻ ഡയറക്ടർ ഡോ. ടി കെ സന്തോഷ് കുമാർ എന്നിവർ സംസാരിച്ചു. ഇന്ന് രാവിലെ 10 മണിക്ക് ദൂരദർശൻ കേന്ദ്രം ജോയിന്റ് ഡയറക്ടർ അജയ് ജോയ്, സർവകലാശാല ഐക്യുഎസി ഡയറക്ടർ പ്രൊഫ. ഇ ഷാജി എന്നിവർ വിദ്യാർത്ഥികളുമായി സംവദിക്കും.

# സാംസ്കാരികേന്ദ്രങ്ങളാണ് ഓരോ ഗ്രന്ഥശാലകളും: മന്ത്രി ജി ആർ അനിൽ

തിരുവനന്തപുരം: ഓരോ ഗ്രന്ഥശാലകളും സാംസ്കാരികേന്ദ്രങ്ങൾ കൂടിയാണെന്ന് ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി ആർ അനിൽ പറഞ്ഞു. കസ്തൂർബ ഗ്രാമീണ ഗ്രന്ഥശാലയുടെ വായനപക്ഷാചരണ പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങൾക്കും ദേശീയപ്രസ്ഥാനങ്ങൾക്കും ഊർജം പകർന്നത് ഗ്രാമീണ വായനശാലകളായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.വായന പക്ഷാചരണത്തിന്റെ ഭാഗമായി കസ്തൂർബ ഗ്രാമീണ ഗ്രന്ഥശാല കെ വി സുരേന്ദ്രനാഥ് ട്രസ്റ്റ് ലൈബ്രറിയിലേക്ക് നല്കിയ പുസ്തകങ്ങൾ മന്ത്രി ജി ആർ അനിൽ ഏറ്റുവാങ്ങി. കസ്തൂർബ ഗ്രാമീണ ഗ്രന്ഥശാല സെക്രട്ടറി മഹേഷ് മാണിക്കം, ഭാരവാഹികളായ സുനിൽകുമാർ ആർ വി, പി എസ് മധുസൂദനൻ എന്നിവർ പുസ്തകങ്ങൾ കൈമാറി. യുവകലാസാഹിതി മണ്ഡലം സെക്രട്ടറി വിദ്യാസാഗർ, കെ വി സുരേന്ദ്രനാഥ് സ്മാരക ട്രസ്റ്റ് സെക്രട്ടറി അഡ്വ. എസ് എസ് ജീവൻ, ഗോപകുമാർ എന്നിവർ പങ്കെടുത്തു.

# മാന്നാറിൽനിന്ന് 15 വർഷം മുമ്പ് കാണാതായ യുവതിയെ കൊന്ന് കുഴിച്ചുമൂടിയെന്ന് സംശയം

## വഴിത്തിരിവായത് പോലീസിന് ലഭിച്ച ഊമ കത്ത്,സെപ്റ്റിക് ടാങ്ക് പൊളിച്ച് പരിശോധന

ആലപ്പുഴ: മാന്നാർ കൊലപാതകം സംബന്ധിച്ച് അമ്പലപ്പുഴ സ്റ്റേഷനിൽ ലഭിച്ച ഊമ കത്ത് വഴിത്തിരിവായെന്ന് പോലീസ്. കേസുമായി ബന്ധപ്പെട്ട് കൃത്യത്തിൽ പങ്കായിയായ ഒരാളുടെ വെളിപ്പെടുത്തലായിരുന്നു കത്തിലുണ്ടായിരുന്നത്. കത്ത് ലഭിച്ചതിനെതുടർന്ന് എസ്പിയുടെ നേതൃത്വത്തിൽ ആലപ്പുഴയിലെ പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിക്കുകയായിരുന്നു.

മാന്നാർ കൊലപാതകത്തിൽ ഉൾപ്പെട്ട ഒരു പ്രതി മറ്റൊരു കൊലപാതകത്തിൻറെ ആസൂത്രണ വേളയിൽ വെളിപ്പെടുത്തിയ വിവരങ്ങളാണ് കത്തിലുണ്ടായിരുന്നത്. ഇതിൻറെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പോലീസ് കൂടുതൽ തെളിവ് ശേഖരണത്തിലേക്ക് കടന്നിരിക്കുന്നത്.

പ്രതി മദ്യപിക്കുന്നതിനിടെ താൻ 15 വർഷം മുമ്പ് മറ്റൊരു കൊലപാതകം ചെയ്തിരുന്നുവെന്നും അതിൽ ഇതുവരെ പിടിക്കപ്പെട്ടിട്ടില്ലെന്നും പറഞ്ഞിരുന്നു. അതിനാൽ നിലവിൽ ആസൂത്രണം ചെയ്യുന്ന കൊലപാതകം നിഷ്പ്രയാസം നടത്താനാകുമെന്നും പ്രതി മധ്യപസംഘത്തോട് പറഞ്ഞതായാണ് വിവിരം. ഈ വിവരങ്ങൾ കേട്ട ഒരു വ്യക്തി അമ്പലപ്പുഴ പോലീസിന് ഊമക്കത്ത് അയക്കുകയായിരുന്നു. തുടർന്ന് പപ്രത്യേക സംഘം കത്തിലെ വിവരങ്ങൽ കേന്ദ്രീകരിച്ച് അന്വേഷണം നടത്തുകയായിരുന്നു.

തുടർന്ന് പോലീസ് ശാസ്ത്രിയമായ പരിശോധനകളിലേക്ക് നീങ്ങി. ടവർ ലൊക്കേഷൻ ഉൾപ്പെടെ കേന്ദ്രീകരിച്ച് പോലീസ് അന്വേഷണം നടത്തിയിരുന്നു. ഇതിൻറെ ഭാഗമായി നടത്തിയ ചോദ്യംചെയ്യലുകൾക്ക് ശേഷമാണ് ചില ആളുകളെ പോലീസ് കസ്റ്റഡിയിലെടുത്തത്.

തുടർന്ന് കസ്റ്റഡിയിലെടുത്ത ഒരാൾ നടത്തിയ തുറന്നുപറച്ചിലാണ് കേസ് പുതിയ വഴിത്തിരിവിലേക്കെത്തിച്ചത്. ഇയാൾ പറഞ്ഞ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പോലീസ് സെപ്റ്റിക്ക് ടാങ്ക് തുറന്ന് പരിശോധന നടത്തുന്നത്.

മാന്നാറിൽനിന്ന് 15 വർഷം മുമ്പ് കാണാതായ യുവതിയെ കൊന്ന് കുഴിച്ചുമൂടിയെന്ന് സംശയത്തെതുടർന്ന് മൃതദേഹ അവശിഷ്ടങ്ങൾ കണ്ടെത്താനുള്ള പരിശോധന തുടങ്ങി. മരിച്ചെന്ന് കരുതുന്ന കലയുടെ ഭർത്താവ് അനിലിൻറെ വീടിന് പരിസരത്തുള്ള പഴയ സെപ്റ്റിക് ടാങ്ക് പൊളിച്ചാണ് പരിശോധന നടത്തുന്നത്. മാന്നാറിൽനിന്ന് 15 വർഷം മുമ്പ് കാണാതായ പെൺകുട്ടിയെ കൊന്ന് കുഴിച്ചുമൂടിയെന്ന് സംശയം. സംഭവത്തിൽ നാല് പേരെ പോലീസ് കസ്റ്റഡിയിലെടുത്തു. പെൺകുട്ടിയുടെ ഭർത്താവിൻറെ സുഹൃത്തുക്കളാണ് കസ്റ്റഡിയിലുള്ളതെന്നാണ് സൂചന.

സംഭവത്തിൽ നാല് പേരെ പോലീസ് കസ്റ്റഡിയിലെടുത്തു. യുവതിയുടെ ഭർത്താവിൻറെ ബന്ധുക്കളാണ് കസ്റ്റഡിയിലുള്ളതെന്നാണ് സൂചന. മരിച്ചെന്ന് കരുതുന്ന കലയുടെ ഭർത്താവ് നിലവിൽ ഇസ്രയേലിലാണ്. ഇയാളെ നാട്ടിലെത്തിച്ചേക്കുമെന്നാണ് വിവരം.

മാന്നാറിൽ നിന്ന് 20 വയസുകാരിയായ കല എന്ന യുവതിയെയാണ് വർഷങ്ങൾക്ക് മുമ്പ് കാണാതായത്. ഇവരെ കാണാതായെന്ന പരാതി പോലും അന്ന് പോലീസിന് ലഭിച്ചിരുന്നില്ല. കല മറ്റൊരു ആൺ സുഹൃത്തിനൊപ്പം പോയെന്ന അഭ്യൂഹങ്ങളാണ് പരന്നത്. എന്നാൽ ഇവരെ കാണാതായിട്ടുണ്ടെന്നും കൊലപ്പെടുത്തി കുഴിച്ച് മൂടിയതാണെന്നും രണ്ട് മാസം മുമ്പാണ് പോലീസിന് രഹസ്യവിവരം ലഭിച്ചത്. ഇതിന് പിന്നാലെ നടത്തിയ അന്വേഷണത്തിലാണ് നാല് പേരെ കസ്റ്റഡിയിലെടുത്തത്. ഇവരെ ചോദ്യം ചെയ്തതിൽനിന്നാണ് പെൺകുട്ടി കൊല്ലപ്പെട്ടെന്ന നിഗമനത്തിലേക്ക് പോലീസ് എത്തിയത്. ഇവരിൽ ഒരാളെ പോലീസ് സ്ഥലത്ത് എത്തിച്ചിട്ടുണ്ടെന്നാണ് വിവരം.

അനിലിൻറെയും കലയുടേയും പ്രണയ വിവാഹമായിരുന്നു. ഇവർക്ക് ഒരു കുട്ടിയുമുണ്ട്. സ്വന്തം വീട്ടുകാരുമായി കലയ്ക്ക് വലിയ അടുപ്പമില്ലായിരുന്നെന്നാണ് വിവരം.

# ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി

മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈന എന്നീ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്ന വിധവകൾ/ വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള' ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് ധനസഹായം നൽകുന്നു. ശരിയായ ജനലുകൾ/ വാതിലുകൾ/ മേൽക്കൂര/ ഫ്ളോറിങ്/ ഫിനിഷിങ്/ പ്ലംബിങ്/ സാനിട്ടേഷൻ/ ഇലക്ട്രിഫിക്കേഷൻ എന്നിവയില്ലാത്ത വീടുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് ധനസഹായം നൽകുന്നത്.

ഒരു വീടിന്റെ അറ്റകുറ്റപണികൾക്ക് 50,000 രൂപയാണ് നൽകുന്നത്. ഇത് തിരിച്ചടക്കേണ്ടതില്ല. അപേക്ഷകയുടെ സ്വന്തം/ പങ്കാളിയുടെ പേരിലുള്ള വീടിന്റെ പരമാവധി വിസ്തീർണ്ണം 1200 സ്ക്വ.ഫീറ്റ് കവിയരുത്. അപേക്ഷക കുടുംബത്തിലെ ഏക വരുമാന ദായകയായിരിക്കണം. ബി.പി.എൽ കുടുംബത്തിന് മുൻഗണന. അപേക്ഷകയ്ക്കോ അവരുടെ മക്കൾക്കോ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ, പെൺകുട്ടികൾ മാത്രമുള്ള അപേക്ഷക തുടങ്ങിയവർക്ക് മുൻഗണന.

സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിര വരുമാനം ലഭിക്കുന്ന മക്കളുള്ള വിധവകൾ, സർക്കാരിൽ നിന്നോ സമാന ഏജൻസികളിൽ നിന്നോ ഇതിന് മുമ്പ് 10 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിന് സഹായം ലഭിച്ചവർ എന്നിവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല.

വകുപ്പ് പ്രത്യേകം തയാറാക്കിയ അപേക്ഷാ ഫോം മുഖേനയാണ് അപേക്ഷിക്കേണ്ടത്. 202324 സാമ്പത്തിക വർഷത്തെ ഭൂമിയുടെ കരം ഒടുക്കിയ രസീതിന്റെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവയോടൊപ്പം വീട് റിപ്പയർ ചെയ്യേണ്ടതിനും വീടിന്റെ വിസ്തീർണം 1200 സ്ക്വ.ഫീറ്റിൽ കുറവാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നതിനും വില്ലേജ് ഓഫീസർ/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അസിസ്റ്റന്റ് എൻജിനിയർ/ ബന്ധപ്പെട്ട അധികാരികൾ എന്നിവരിൽ ആരുടെയെങ്കിലും സാക്ഷ്യപത്രം മതിയാകും. മറ്റു വകുപ്പുകളിൽ നിന്നോ, സമാന ഏജൻസികളിൽ നിന്നോ അപേക്ഷകയ്ക്ക് ഭവന പുനരുദ്ധാരണത്തിനും 10 വർഷത്തിനുള്ളിൽ ഭവന നിർമ്മാണത്തിനും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ പഞ്ചായത്ത് സെക്രട്ടറി എന്നിവരിലൊരാൾ നൽകണം. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം അതാത് ജില്ലാ കളക്ടറേറ്റിലെ ന്യൂനപക്ഷക്ഷേമ സെക്ഷനിൽ നേരിട്ടോ, ഡെപ്യൂട്ടി കളക്ടർ (ജനറൽ) ജില്ലാ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ജില്ലാ കളക്ടറേറ്റ് എന്ന വിലാസത്തിൽ അതാത് ജില്ലാ കളക്ട്രേറ്റിലേക്ക് തപാൽ മുഖാന്തിരമോ, അപേക്ഷിക്കാം.

അപേക്ഷാ ഫോം www.minortiywelfare .kerala.gov.in ൽ ലഭിക്കും. അപേക്ഷ ജൂലൈ 31 നകം നൽകണം.

# 49 തദ്ദേശവാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് ജൂലൈ 30 ന്; വിജ്ഞാപനം വ്യാഴാഴ്ച പുറപ്പെടുവിക്കും

തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ വെള്ളനാട് വാർഡ് ഉൾപ്പെടെ സംസ്ഥാനത്തെ 49 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ജൂലൈ 30 ന് ഉപതിരഞ്ഞെടുപ്പ് നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു.

വിജ്ഞാപനം ജൂലൈ നാലിന് പുറപ്പെടുവിക്കും. നാമനിർദ്ദേശപത്രിക ജൂലൈ നാല് മുതൽ 11 വരെ സമർപ്പിക്കാം. സൂക്ഷ്മ പരിശോധന ജൂലൈ 12 ന് നടത്തും. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി ജൂലൈ 15 ആണ്. വോട്ടെണ്ണൽ ജൂലൈ 31 ന് രാവിലെ 10 മണിക്ക് നടക്കും.

മാതൃകാ പെരുമാറ്റച്ചട്ടം ഇന്ന് (ജൂലൈ രണ്ട്) മുതൽ നിലവിൽ വന്നു. ഉപതിരഞ്ഞെടുപ്പുള്ള ജില്ലാ, ബ്ളോക്ക് പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെട്ടുവരുന്ന ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ വാർഡുകളിലും പെരുമാറ്റചട്ടം ബാധകമാണ്. എന്നാൽ ഗ്രാമപഞ്ചായത്തുകളിൽ ആ പഞ്ചായത്ത് പ്രദേശം മുഴുവനും, മുനിസിപ്പാലിറ്റികളിൽ അതത് വാർഡുകളിലുമാണ് പെരുമാറ്റച്ചട്ടം ബാധകം.

ജൂലൈ ഒന്നിന് പ്രസിദ്ധീകരിച്ച പുതിയ വോട്ടർപട്ടിക അടിസ്ഥാനമാക്കിയാണ് ഉപതിരഞ്ഞെടുപ്പ് നടക്കുക. വോട്ടർ പട്ടിക അതത് തദ്ദേശസ്ഥാപനങ്ങളിലും വില്ലേജ് , താലൂക്ക് ഓഫീസുകളിലും സംസ്ഥാനതിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിലും ( ലെര.സല്യമഹമ.ഴീ.ശി ) ലഭ്യമാണ്. ജില്ലാപഞ്ചായത്ത് നിയോജകമണ്ഡലത്തിൽ മത്സരിക്കുന്നതിന് 5000 രൂപയും ബ്ളോക്ക് പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും വാർഡുകളിൽ മത്സരിക്കുന്നതിന് 4000 രൂപയും ഗ്രാമപഞ്ചായത്തുകളിൽ 2000 രൂപയുമാണ് നാമനിർദ്ദേശ പത്രികയ്ക്കൊപ്പം നിക്ഷേപതുകയായി കെട്ടിവയ്ക്കേണ്ടത്. പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് അവയുടെ പകുതി തുക മതിയാകും.

അർഹതയുള്ള സ്ഥാനാർത്ഥികൾക്ക് നിക്ഷേപത്തുക കാലതാമസം കൂടാതെ തിരികെ ലഭിക്കുന്നതിന് പത്രികയോടൊപ്പം നിശ്ചിത ഫോമിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൂടി നൽകണം. ജില്ലാ പഞ്ചായത്ത് വാർഡിൽ 1,50,000 രൂപയും, ബ്ളോക്ക് പഞ്ചായത്ത് നിയോജകമണ്ഡലത്തിലും, മുനിസിപ്പാലിറ്റി വാർഡിലും 75,000 രൂപയും, ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലത്തിൽ 25,000 രൂപയുമാണ് സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ചെലവിന്റെ പരിധി.

വയനാട് ഒഴികെയുള്ള 13 ജില്ലകളിലായി ഒരു ജില്ലാപഞ്ചായത്ത് വാർഡിലും നാല് ബ്ളോക്ക് പഞ്ചായത്ത് വാർഡുകളിലും ആറ് മുനിസിപ്പാലിറ്റി വാർഡുകളിലും 38 ഗ്രാമപഞ്ചായത്ത് വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടത്തുന്നത്.

ജില്ല, തദ്ദേശസ്ഥാപനം, വാർഡ് നമ്പരും പേരും ക്രമത്തിൽ :

ക്രമ നമ്പർ ജില്ല തദ്ദേശ സ്ഥാപനത്തിന്റെ നമ്പരും പേരും നിയോജക മണ്ഡലത്തിന്റെ/ വാർഡിന്റെ നമ്പരും പേരും

1 തിരുവനന്തപുരം ഡി.01 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് 09വെള്ളനാട്

2 തിരുവനന്തപുരം എം.03 ആറ്റിങ്ങൽ മുനിസിപ്പൽ കൗൺസിൽ 22ചെറുവള്ളിമുക്ക്

3 തിരുവനന്തപുരം എം.03 ആറ്റിങ്ങൽ മുനിസിപ്പൽ കൗൺസിൽ 28തോട്ടവാരം

4 തിരുവനന്തപുരം ജി.50 പെരിങ്ങമല ഗ്രാമപഞ്ചായത്ത് 15കരിമൻകോട്

5 തിരുവനന്തപുരം ജി.50 പെരിങ്ങമല ഗ്രാമപഞ്ചായത്ത് 19മടത്തറ

6 തിരുവനന്തപുരം ജി.50 പെരിങ്ങമല ഗ്രാമപഞ്ചായത്ത് 18കൊല്ലായിൽ

7 തിരുവനന്തപുരം ജി.54 കരവാരം ഗ്രാമപഞ്ചായത്ത് 12പട്ട്ള

8 തിരുവനന്തപുരം ജി.54 കരവാരം ഗ്രാമപഞ്ചായത്ത് 16ചാത്തമ്പാറ

9 കൊല്ലം ജി.06 തൊടിയൂർ ഗ്രാമപഞ്ചായത്ത് 01പുലിയൂർ വഞ്ചിവെസ്റ്റ്

10 കൊല്ലം ജി.09 ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത് 13കുമരംചിറ

11 കൊല്ലം ജി.31 കരവാളൂർ ഗ്രാമപഞ്ചായത്ത് 10കരവാളൂർ ഠൗൺ

12 കൊല്ലം ജി.35 പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് 05കാഞ്ഞിരംപാറ

13 പത്തനംതിട്ട ജി.31 ചിറ്റാർ ഗ്രാമപഞ്ചായത്ത് 02പന്നിയാർ

14 പത്തനംതിട്ട ജി.50 ഏഴംകുളം ഗ്രാമപഞ്ചായത്ത് 04ഏഴംകുളം

15 ആലപ്പുഴ ജി.37 രാമങ്കരി ഗ്രാമപഞ്ചായത്ത് 13വേഴപ്രപടിഞ്ഞാറ്

16 ആലപ്പുഴ ജി.39 ചെറിയനാട് ഗ്രാമപഞ്ചായത്ത് 04അരിയന്നൂർശ്ശേരി

17 ആലപ്പുഴ ജി.59 മാന്നാർ ഗ്രാമപഞ്ചായത്ത് 11കുട്ടംപേരൂർ എ

18 കോട്ടയം ജി.02 ചെമ്പ് ഗ്രാമപഞ്ചായത്ത് 01കാട്ടിക്കുന്ന്

19 കോട്ടയം ജി.70 പനച്ചിക്കാട് ഗ്രാമപഞ്ചായത്ത് 20പൂവൻതുരുത്ത്

20 കോട്ടയം ജി.54 വാകത്താനം ഗ്രാമപഞ്ചായത്ത് 11പൊങ്ങന്താനം

21 ഇടുക്കി എം.20 തൊടുപുഴ മുനിസിപ്പൽ കൗൺസിൽ 09പെട്ടേനാട്

22 ഇടുക്കി ബി.58 ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് 06തോപ്രാംകുടി

23 ഇടുക്കി ജി.20 ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് 08പാറത്തോട്

24 ഇടുക്കി ജി.31 അറക്കുളം ഗ്രാമപഞ്ചായത്ത് 06ജലന്ധർ

25 എറണാകുളം ജി.05 ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് 08തോപ്പ്

26 എറണാകുളം ജി.25 വാഴക്കുളം ഗ്രാമപഞ്ചായത്ത് 08മുടിക്കൽ

27 എറണാകുളം ജി.27 ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് 09കൊടികുത്തുമല

28 തൃശ്ശൂർ ബി.89 വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് 07കൊമ്പത്തുകടവ്

29 തൃശ്ശൂർ ജി.17 മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് 11വണ്ടിപ്പറമ്പ്

30 തൃശ്ശൂർ ജി.39 പാവറട്ടി ഗ്രാമപഞ്ചായത്ത് 01കാളാനി

31 പാലക്കാട് ബി.101 കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് 02പാലത്തുള്ളി

32 പാലക്കാട് ജി.38 തച്ചമ്പാറ ഗ്രാമപഞ്ചായത്ത് 05മുണ്ടമ്പലം

33 പാലക്കാട് ജി.42 ഷോളയൂർ ഗ്രാമപഞ്ചായത്ത് 01കോട്ടത്തറ

34 പാലക്കാട് ജി.48 മങ്കര ഗ്രാമപഞ്ചായത്ത് 04കൂരാത്ത്

35 പാലക്കാട് ജി.67 പുതുനഗരം ഗ്രാമപഞ്ചായത്ത് 02തെക്കത്തിവട്ടാരം

36 മലപ്പുറം എം.45 മലപ്പുറം മുനിസിപ്പൽ കൗൺസിൽ 39പൊടിയാട്

37 മലപ്പുറം ജി.52കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് 17കൂട്ടിലങ്ങാടി

38 മലപ്പുറം ജി.81 മൂന്നിയൂർ ഗ്രാമപഞ്ചായത്ത് 02വെള്ളായിപ്പാടം

39 മലപ്പുറം ജി.93 വട്ടംകുളം ഗ്രാമപഞ്ചായത്ത് 14എടപ്പാൾ ചുങ്കം

40 കോഴിക്കോട് ബി.121 തൂണേരി ബ്ലോക്ക് പഞ്ചായത്ത് 02പാറക്കടവ്

41 കോഴിക്കോട് ജി.38 ഉള്ള്യേരി ഗ്രാമപഞ്ചായത്ത് 03തെരുവത്ത് കടവ്

42 കോഴിക്കോട് ജി.60 ഓമശ്ശേരി ഗ്രാമപഞ്ചായത്ത് 17മങ്ങാട് ഈസ്റ്റ്

43 കോഴിക്കോട് ജി.63 കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് 03മാട്ടുമുറി

44 കണ്ണൂർ എം.55 തലശ്ശേരി മുനിസിപ്പൽ കൗൺസിൽ 18പെരിങ്കളം

45 കണ്ണൂർ ജി.12 കാങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് 07ആലക്കാട്

46 കണ്ണൂർ ജി.31 പടിയൂർ കല്ല്യാട് ഗ്രാമപഞ്ചായത്ത് 01മണ്ണേരി

47 കാസർഗോഡ് എം.59 കാസർഗോഡ് മുനിസിപ്പൽ കൗൺസിൽ 24ഖാസിലേൻ

48 കാസർഗോഡ് ജി.17 മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് 03കോട്ടക്കുന്ന്

49 കാസർഗോഡ് ജി.17 മൊഗ്രാൽ പുത്തൂർ ഗ്രാമപഞ്ചായത്ത് 14കല്ലങ്കൈ

# നികുതി വിരുദ്ധ പ്രതിഷേധം: കെനിയയിൽ 39 പേർ കൊല്ലപ്പെട്ടതായി റിപ്പോർട്ട്

നെയ്റോബി: നികുതി വർധനയ്ക്കെതിരെ കെനിയയിൽ നടത്തിയ പ്രതിഷേധങ്ങളിൽ 39 പേർക്ക് ജീവൻ നഷ്ടപ്പെട്ടതായും 360 പേർക്ക് പരിക്കേറ്റതായും റിപ്പോർട്ട്. ദേശീയ അവകാശ നിരീക്ഷണ വിഭാഗത്തെ ഉദ്ധരിച്ച് അൽ ജസീറ ടിവിയാണ് റിപ്പോർട്ട് പുറത്തുവിട്ടത്. ജൂൺ 18 മുതൽ ജൂലൈ ഒന്നു വരെയുള്ള കണക്കുകളാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. നികുതി വർധനയ്ക്കെതിരെ കെനിയയിൽ വ്യാപക പ്രതിഷേധം അരങ്ങേറിയിരുന്നു. പാർലമെൻറ് സമുച്ചയത്തിലേക്ക് ജനങ്ങൾ ഇരച്ചു കയറിയെന്നും പോലീസ് വെടിവയ്പ്പു നടത്തിയെന്നും റിപ്പോർട്ടിൽ പറയുന്നു.

നികുതി വർധനയ്ക്കെതിരെ നടത്തിയ പ്രതിഷേധങ്ങളിൽ 19 പേർ മരിച്ചെന്നായിരുന്നു സർക്കാർ പുറത്തുവിട്ട കണക്കിൽ പറഞ്ഞത്.

# പ്രകൃതിക്കുമേൽ മനുഷ്യാധിനിവേശത്തിന്റെ അപായസൂചന നൽകി 'മയിൽപ്പീലി' പരിസ്ഥിതി ചലച്ചിത്രമേളയ്ക്ക് തുടക്കം

പ്രകൃതിക്കുമേൽ മനുഷ്യാധിനിവേശത്തിന്റെ അപായസൂചന നൽകി വനം വകുപ്പ് സംഘടിപ്പിച്ച രാജ്യാന്തര പരിസ്ഥിതി ചലച്ചിത്രോത്സവത്തിന് തുടക്കം. പശ്ചിമഘട്ടത്തിലെ വംശനാശഭീഷണി നേരിടുന്ന പന്നിമൂക്കൻ തവളകളുടെ കഥ പറയന്ന 'മാലി' എന്ന 11 മിനുറ്റ് ദൈർഘ്യമുള്ള ഡോക്യുമെന്ററി ചിത്രത്തോടെയാണ് പി ടി പി നഗറിലെ ഫോറസ്റ്റ് കോംപ്ലക്സിൽ ആരംഭിച്ച മേളയ്ക്ക് തിരി തെളിഞ്ഞത്.

തമിഴ്നാട് സ്വദേശിയായ ഉമ എന്ന വീട്ടമ്മ നീന്തൽ പഠിച്ച് ചിത്രീകരിച്ച കോറൽ വുമൺ എന്ന ഡോക്യുമെന്ററിയും ശൈലികൊണ്ട് വ്യത്യസ്ഥത പുലർത്തി. പെയിന്റിങ്ങുകളിലൂടെ അറിഞ്ഞ പവിഴപ്പുറ്റുകളെ കൂടുതൽ അടുത്തറിയാൻ അവർ സ്കൂബാ ഡൈവിങ് പഠിക്കുകയും പവിഴപ്പുറ്റുകളെക്കറിച്ച് ഡോക്യുമെന്ററി ചിത്രീകരിക്കുകയുമായിരുന്നു. രാജ്യാന്തര തലത്തിൽ നിരവധി അവാർഡുകൾ നേടിയ അലജാൻഡ്രോ ലോയ്സ ഗ്രിസി സംവിധാനം ചെയ്ത ബൊളീവിയൻ സിനിമ ഉതാമ പ്രേക്ഷക ശ്രദ്ധനേടി. സുരേഷ് ഇളമൻ സംവിധാനം ചെയ്ത ഓട്ടോ ബയോഗ്രഫി ഓഫ് എ ബട്ടർഫ്ളൈ, പ്രഭു മെൻസ് സന സംവിധാനം ചെയ്ത പുനർജീവനം തുടങ്ങിയ ഡ്യോക്യുമെന്ററികളും പ്രദർശിപ്പിച്ചു.

# തൊഴിൽ അധിഷ്ഠിത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരള സർക്കാർ നിയന്ത്രണത്തിലുള്ള എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ, കീഴിലുള്ള വിവിധ സെന്ററുകളിൽ 2024 ആഗസ്റ്റ് മാസം ആദ്യവാരം ആരംഭിക്കുന്ന പുതുക്കിയ സിലബസ് പ്രകാരമുള്ള കേരള ഗവണ്മെന്റ് അംഗികൃത പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (PGDCA), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (DCA), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സോഫ്റ്റ്വെയർ) DCA(S) കോഴ്സിന്റെ അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കാവുന്നതാണ്. SSLC യോഗ്യതയുള്ളവർക്ക് DCA കോഴ്സിനും ജഘഡട 2 യോഗ്യതയുള്ളവർക്ക് DCA(S) കോഴ്സിനും DEGREE യോഗ്യതയുള്ളവർക്ക് PGDCA കോഴ്സിനും, ചേരാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2024 ജൂലൈ 31. കോഴ്സിന്റെ സമയം, ഫീസ് തുടങ്ങിയ വിശദമായ വിവരങ്ങൾക്ക് http://lbscetnre.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടാതെ 0471 2560333/ 9995005055 എന്ന നമ്പറിലും ബന്ധപ്പെടാം.

## കർഷക കടാശ്വാസ കമ്മീഷൻ സിറ്റിങ്

സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കാസർഗോഡ് ജില്ലയിലെ കർഷകരുടെ സിറ്റിംഗ് കാസർഗോഡ് സർക്കാർ അതിഥി മന്ദിരത്തിൽ ജൂലൈ 5ന് നടത്തും. രാവിലെ 9ന് സിറ്റിംഗ് ആരംഭിക്കും.

സിറ്റിംഗിൽ ചെയർമാൻ ജസ്റ്റിസ് (റിട്ട) കെ. അബ്രഹാം മാത്യുവും കമ്മീഷൻ അംഗങ്ങളും പങ്കെടുക്കും. പ്രസ്തുത തീയതികളിൽ ഹാജരാകുന്നതിനായി അപേക്ഷകർക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ചിട്ടുണ്ട്. ഹിയറിംഗിന് ഹാജരാകാൻ നോട്ടീസ് ലഭിച്ചവർ ആവശ്യമായ രേഖകൾ സഹിതം കൃത്യസമയത്ത് ഹാജരാകണം.

## അഡ്മിഷൻ നാലിന്

തിരുവനന്തപുരം സർക്കാർ ആർട്സ് കോളേജിൽ കേരള സ്പോർട്സ് കൗൺസിൽ 2024 റാങ്ക് ലിസ്റ്റ് പ്രകാരമുള്ള യു.ജി കോഴ്സുകളിലേക്കുള്ള അഡ്മിഷൻ നടപടിക്രമങ്ങൾ ജൂലൈ നാലിനു രാവിലെ 10.30ന് കോളേജ് കാര്യാലയത്തിൽ നടക്കും.

വിദ്യാർഥികൾ അഡ്മിഷന് ആവശ്യമായ രേഖകളുടെ അസലും ഫോട്ടോസ്റ്റാറ്റ് കോപ്പിയും സഹിതം കൃത്യസമയത്ത് എത്തിച്ചേരണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

# സ്കൂൾ വിദ്യാർഥിനികളെ പിന്തുടർന്ന് ഉപദ്രവിച്ചു; വനംവകുപ്പ് ഉദ്യോഗസ്ഥൻ പിടിയിൽ

മലപ്പുറം: പൂക്കോട്ടുംപാടത്ത് പോക്സോ കേസിൽ വനംവകുപ്പ് ഉദ്യോഗസ്ഥൻ പിടിയിൽ. കവളമുക്കട്ട ബീറ്റ് ഫോറസ്റ്റ് ഓഫീസർ ഷിഹാൻ ആണ് പിടിയിലായത്.

മൂന്ന് പെൺകുട്ടികളുടെ പരാതിയിലാണ് പൂക്കോട്ടുംപാടം പോലീസ് ഇയാളെ കസ്റ്റഡിയിലെടുത്തത്. മൂന്ന് കേസുകളാണ് ഇയാൾക്കെതിരേ രജിസ്റ്റർ ചെയ്തിരിക്കുന്നത്.

തിങ്കളാഴ്ചയാണ് കേസിനാസ്പദമായ സംഭവം. പെൺകുട്ടികളെ പിന്തുടർന്ന് ഉപദ്രവിച്ചെന്നാണ് പരാതി. ബസിൽ ഇവരുടെ കൂടെ കയറിയ ഇയാൾ വാഹനത്തിനുള്ളിൽവച്ചും പിന്നീട് പുറത്ത് ഇറങ്ങിയ ശേഷം പിന്തുടർന്ന് ശല്യം തുടർന്നെന്നുമാണ് പരാതി.

ഇയാൾക്കെതിരേ നേരത്തേയും സമാനമായ ആരോപണങ്ങൾ ഉണ്ടായിരുന്നെങ്കിലും ആരും രേഖാമൂലം പരാതി നൽകാതിരുന്നതിനാൽ പോലീസിന് കേസെടുക്കാൻ കഴിഞ്ഞിരുന്നില്ല. കുട്ടികൾ ഇയാളെ തിരിച്ചറിഞ്ഞ ശേഷമാകും പോലീസ് അറസ്റ്റ് രേഖപ്പെടുത്തുക.

# ബി.എസ്.സി. നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി ഫൈനൽ കൺഫർമേഷൻ

സംസ്ഥാനത്തെ സർക്കാർ/സ്വാശ്രയ കോളേജുകളിലേക്ക് 202425 വർഷത്തെ ബി.എസ്.സി. നഴ്സിംഗ്, പാരാമെഡിക്കൽ എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷാഫീസ് ഒടുക്കി ഓൺലൈനായി അപേക്ഷയുടെ ഫൈനൽ കൺഫർമേഷൻ നൽകാതിരുന്ന അപേക്ഷകർക്ക് എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ www.lbscetnre.kerala.gov.in വഴി അപേക്ഷയുടെ ഫൈനൽ കൺഫർമേഷൻ നൽകുന്നതിന് ജൂലൈ 6, 7 തീയതികളിൽ അവസാന അവസരം ലഭിക്കും. അപേക്ഷകർ അപേക്ഷാ നമ്പർ, രജിസ്ട്രേഷൻ ഐ.ഡി, പാസ്സ്വേർഡ് ഇവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഫൈനൽ കൺഫർമേഷൻ നൽകാം. കൂടുതൽ വിവരങ്ങൾ: 04712560363, 364, www.lbscetnre.kerala.gov.in.

Edited, Printed, Published & owned by Yesudas William, `Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



# പട്ടം എസ് യു ടി ആശുപത്രിയിൽ ദേശീയ ഡോക്ടർ ദിനം ആചരിച്ചു

തിരുവനന്തപുരം: എസ്യുടി ആശുപത്രി ദേശീയ ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് ആശുപത്രി കോൺഫറൻസ് ഹാളിൽ ഹൃദ്യമായ ആഘോഷം നടത്തി. ആശുപത്രിയിലെ മെഡിക്കൽ പ്രൊഫഷണലുകളുടെ അർപ്പണബോധത്തെയും സേവനത്തെയും ചടങ്ങിൽ ആദരിച്ചു. ആശുപത്രിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി നടത്തിയ അധ്യക്ഷ പ്രസംഗത്തിൽ, ഡോക്ടർമാരുടെ അശ്രാന്ത പരിശ്രമത്തെയും അർപ്പണബോധത്തെയും അഭിനന്ദിച്ചു. ഡോക്ടർമാർ രോഗികളുടെ ജീവിതത്തിലേക്ക് കൊണ്ടുവരുന്ന പ്രകാശത്തിന്റെയും പ്രത്യാശയുടെയും പ്രതീകമായി തിരി തെളിയിക്കുകയും, ചെയ്തു. കേരള ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ) മോഹനൻ കുന്നുമ്മൽ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും ഡോക്ടർമാരുടെ സമർപ്പണബോധത്തോടെയുള്ള സേവനത്തിന് നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

ജനറൽ മെഡിസിൻ സീനിയർ കൺസൾട്ടന്റ് ഡോ. കെ.പി പൗലോസ്, റേഡിയോളജി സീനിയർ കൺസൾട്ടന്റ് ഡോ. എം ബാലകൃഷ്ണൻ എന്നിവർ ആശംസകൾ നേർന്നു. ആശുപത്രിയുടെ വിജയത്തിനും രോഗികളുടെ ക്ഷേമത്തിനും നൽകിയ സംഭാവനകളെ അംഗീകരിച്ചു കൊണ്ട് വിവിധ ഡിപ്പാർട്ട്മെന്റുകളെയും ഡിഎൻബി പാസായവരെയും ചടങ്ങിൽ ആദരിച്ചു. മെഡിക്കൽ സൂപ്രണ്ട് ഡോ. രാജശേഖരൻ നായർ വി (എച്ച്ഒഡി ഓഫ് ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി), ഡോ. ശ്രീരേഖ പണിക്കർ (സീനിയർ കൺസൾട്ടന്റ് ഡെർമറ്റോളജിസ്റ്റ്), ഡോ. എസ്. രാജലക്ഷ്മി (എച്ച്ഒഡി ഓഫ് കാർഡിയോളജി), ഡോ. എസ്. പ്രമീളാ ദേവി (സീനിയർ കൺസൾട്ടന്റ് ജനറൽ സർജൻ) ഉൾപ്പെടെ വിവിധ ഡിപ്പാർട്ട്മെന്റുകളിലെ ഡോക്ടർമാരും മറ്റു ജീവനക്കാരും ചടങ്ങിൽ പങ്കെടുത്തു.

# വനംവകുപ്പിനെ ജനങ്ങളുടെ ശത്രുക്കളാക്കാൻ ചില കേന്ദ്രങ്ങൾ ശ്രമിക്കുന്നു: മന്ത്രി എ കെ ശശീന്ദ്രൻ

വന്യജീവി സംഘർഷ മരണങ്ങളുടെ കണക്കുകൾ പെരുപ്പിച്ചുകാട്ടി വനംവകുപ്പിനെ ജനങ്ങളുടെ ശത്രുക്കളാക്കാൻ ചിലകേന്ദ്രങ്ങൾ ഗൂഢശ്രമം നടത്തുന്നതായി വനം വന്യജീവി വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ പറഞ്ഞു. ജൂലൈ ഒന്നു മുതൽ ഏഴ് വരെ സംസ്ഥാന വനംവകുപ്പ് സംഘടിപ്പിക്കുന്ന വനമഹോത്സവം2024 ന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം വനം ആസ്ഥാനത്ത് നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

വനം വകുപ്പിന്റെ പ്രവർത്തനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നത് വകുപ്പിന്റെ ഉദ്ദേശ്യശുദ്ധിയോടെയുള്ള പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. വന്യജീവി ആക്രമണത്തിൽ ഒരാൾ പോലും മരിക്കാൻ പാടില്ല എന്നാണു വകുപ്പിന്റെ നിലപാട്. 2016 മുതൽ 2024 വരെയുള്ള വന്യജീവി സംഘർഷം മരണങ്ങളുടെ കണക്ക് പെരുപ്പിച്ച് കാണിച്ചാണ് പലപ്പോഴും ജനങ്ങളിൽ തെറ്റിദ്ധാരണ പരത്തുന്നത്. ഇക്കാലയളവിലെ ആകെ മരണങ്ങളായി പറയുന്ന 848 പേരിൽ 573 പേരും നാട്ടിലെ പാമ്പുകടിയേറ്റാണ് മരണപ്പെട്ടതെന്ന സത്യം പലപ്പോഴും മറച്ചുവയ്ക്കുന്നു. ജനങ്ങളുടെ ജീവൻ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതോടൊപ്പം വനത്തിന്റെയും വന്യജീവികളുടെയും സംരക്ഷണവും നടത്തേണ്ടതുണ്ട്. മനുഷ്യജീവൻ സംരക്ഷിക്കുന്നതോടൊപ്പം വനംവന്യജീവികളുടെ സംരക്ഷണം ഉറപ്പുവരുത്തലും വനംവകുപ്പിന്റെ ചുമതലയാണ്. സ്വന്തം ജീവൻപോലും പണയപ്പെടുത്തിയാണ് വനപാലകർ ഈ ജോലി നിർവഹിക്കുന്നത്. പക്ഷേ അവരുടെ വിലപ്പെട്ട സേവനം പലപ്പോഴും പരിഗണിക്കപ്പെടുന്നില്ല, ഇതിന് മാറ്റം വരണം.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഈ കാലഘട്ടത്തിൽ വനസംരക്ഷണത്തിന്റെ പ്രാധാന്യം വലുതാണെന്നും ഇത് ജനങ്ങളെ ബോധ്യപ്പെടുത്താനാണ് വനമഹോത്സവം പോലുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതെന്നും മന്ത്രി കൂട്ടിച്ചേർത്തു. വനശ്രീ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ അഡീ. ചീഫ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ അധ്യക്ഷത വഹിച്ചു. വനമഹോത്സവത്തോടനുബന്ധിച്ച് നിരവധി കർമ്മ പരിപാടികളാണ് വകുപ്പ് രൂപം നൽകിയിട്ടുള്ളത്. പരിസ്ഥിതി പുനഃസ്ഥാപനവുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലെ വനവത്ക്കരണം, പരിക്ഷീണ വനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്നീ പ്രധാനപ്പെട്ട പദ്ധതികൾക്കുപുറമെ സർക്കിൾ, ഡിവിഷൻ, റെയിഞ്ച് തലങ്ങളിലും നിരവധി പരിപാടികൾ വനമഹോത്സവ വാരാചരണത്തിന്റെ ഭാഗമായി നടത്തുന്നുണ്ട്. രാജ്യരാജ്യാന്തര പരിസ്ഥിതി ചലച്ചിത്രങ്ങളും ഡോക്യുമെന്ററികളും ഉൾപ്പെടുത്തിക്കൊണ്ട് 'മയിൽപ്പീലി' എന്ന പേരിൽ പരി സ്ഥിതി ഫിലിംഫെസ്റ്റിവലും വനമഹോൽസവത്തിലുൾപ്പെടുത്തി സംഘടിപ്പിക്കുന്നുണ്ട്.

ചടങ്ങിൽ വനമിത്ര പുരസ്കാര വിതരണം, മികച്ച വിദ്യാവനത്തിനുള്ള അവാർഡ് വിതരണം, പുതിയ വാഹനങ്ങളുടെ ഫ്ളാഗ് ഓഫ്, കേരളത്തിലെ സംരക്ഷിത വനപ്രദേശങ്ങളെ കുറിച്ചുള്ള കോഫി ടേബിൾ ബുക്കിന്റെ പ്രകാശനം എന്നിവ മന്ത്രി എ.കെ. ശശീന്ദ്രൻ നിർവഹിച്ചു. സംസ്ഥാന ഫിലിം ഡവലപ്മെന്റ് കോർപ്പറേഷൻ ചെയർമാൻ ഷാജി എൻ. കരുൺ പരിസ്ഥിതി ഫിലിം ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തു.

മികച്ച നഗരവനത്തിനുള്ള അവാർഡ് വിതരണം അഡീ. ചീഫ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ നിർവഹിച്ചു. വനം മേധാവിയും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുമായ ഗംഗാസിംഗ് വനമഹോത്സവ സന്ദേശം നൽകി. വനം വാച്ചർമരുടെ സേവനങ്ങളും ചുമതലകളും എന്ന കൈപുസ്തകത്തിന്റെ പ്രകാശനം അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.ബി.എ.) ഡോ. പി. പുകഴേന്തിയും വനമഹോൽസവം2024 ബുക്ക്ലെറ്റ് പ്രകാശനം അഡീ. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ് ആന്റ് ഫോറസ്റ്റ് ഇന്റലിജൻസ്) ഡോ. എൽ. ചന്ദ്രശേഖറും നിർവഹിച്ചു.



വനംവകുപ്പ് സംഘടിപ്പിക്കുന്ന വനമഹോത്സവം-2024 ന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം വനം ആസ്ഥാനത്ത് വനം വന്യജീവി വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ നിർവഹിക്കുന്നു

**ചമയങ്ങൾക്കപ്പുറം**

**സുനിത ഒലീവിയ**



# മാറുന്ന മനുഷ്യമുഖങ്ങൾ

ഒരു വ്യക്തിയുടെ ക്വാളിറ്റി എങ്ങനെയാണ് അറിയാൻ കഴിയുക...

പിണങ്ങുമ്പോഴും തെറ്റിദ്ധാരണ വരുമ്പോഴും, അകൽച്ചയുണ്ടാവുമ്പോഴും ,! എങ്ങനെ പെരുമാറുന്നുവെന്നതാണ് ഒരു മനുഷ്യനെ വിലയിരുത്താനുള്ള കൃത്യമായ വഴി.

സ്നേഹ ബന്ധം നന്നായിരിക്കുമ്പോൾ, ..സ്നേഹ ആസ്വാദനംനിമിഷങ്ങളിൽ , സൗഹൃദം പങ്കുവക്കുമ്പോൾ, പരസ്പരം ഗുണഫലങ്ങൾ അനുഭവിക്കുമ്പോളൊക്കെ എല്ലാവരും നന്നായിട്ടു തന്നെയാണ് പരസ്പരം പെരുമാറുക.. എന്നാൽ ഒരു വ്യക്തിയുടെ യഥാർത്ഥ സ്വത്വം എന്നു പറയുന്നത് അതല്ല...

പിണങ്ങുമ്പോൾ,.... ജീവിതത്തിലെ ദുരിതഘട്ടങ്ങളിൽ നമ്മൾ എങ്ങനെ പെരുമാറുന്നുവെന്നതാണ് യഥാർത്ഥ നാം ഓരോരുത്തരും....

അപ്പോഴും നമുക്ക് പരസ്പര ബഹുമാനവും മാന്യതയും പുലർത്താൻ കഴിഞ്ഞാൽ വീണ്ടുവിചാരം നഷ്ടപ്പെടാതെ പ്രതികരിക്കാൻ കഴിഞ്ഞാൽ എത്ര നല്ലതായിരിക്കുo? ???

അവസരം കിട്ടുമ്പോളൊക്കെ പരസ്പരം കുത്തുന്നത് സ്നേഹമല്ല... ഉള്ളിൻെറയുള്ളിൽ ഉറങ്ങിക്കിടക്കുന്ന വെറുപ്പും നെഗറ്റിവിറ്റിയുമാണ് അത്തരം സന്ദർഭങ്ങളിൽ നാം പോലുമറിയാതെ പുറത്തു വരുന്നത്...

അതിനാൽ നമ്മൾ സ്നേഹത്തിലും അടുപ്പത്തിലും മാത്രമല്ല പിണക്കങ്ങളിലും അകൽച്ചയിലും കൂടി മാന്യരാവുക...

മുൻപ് പല തവണ പറഞ്ഞത് ഒന്നു കൂടി ആവർത്തിക്കുന്നു... വ്യക്തിയെയല്ല.. നിലപാടുകളെ മാത്രം വിലയിരുത്തുക.. നിലപാടു മാറിയാൽ വ്യക്തിയെ അംഗീകരിക്കുക. വ്യക്തിഹത്യയും വെറുപ്പും ഒന്നിനും പരിഹാരമല്ല...

ഏറ്റവും കൂടുതൽ അടുപ്പമുള്ളവരും സ്നേഹിച്ചിരുന്നവരുമാണ് പിന്നീട് ആജന്മശത്രുക്കളായി മാറുന്നതെന്നതിന് ഉദാഹരണങ്ങൾ ധാരാളം... എന്തുകൊണ്ടായിരിക്കുമത്?

പരസ്പരമുള്ള പ്രതീക്ഷയുടെ ലെവൽ കൂടുതലായതുകൊണ്ടും, ആഗ്രഹിക്കുന്നതിൻെറ പത്തിലൊന്നു പോലും കിട്ടാത്തതുകൊണ്ടുമായിരിക്കുമോ? ??

എനിക്കു തോന്നുന്നു അതൊന്നും സ്നേഹമല്ലാത്തതു കൊണ്ടാണ് ശത്രുതയാവുന്നത് എന്ന്...

കലർപ്പില്ലാത്ത സ്നേഹം മാത്രമാണെങ്കിൽ അവിടെ ശത്രുതഒരിക്കലും ഉണ്ടാവില്ലല്ലോ..

നിങ്ങളുടെ സ്വന്തം
സുനിതാ ഒലീവിയ
(NHRO)സ്റ്റേറ്റ് ജനറൽ സെക്രട്ടറി

# യുവാവിനെ ഹോട്ടലിലേക്ക് വിളിച്ചു വരുത്തി ഭീഷണിപ്പെടുത്തി കാർ കവർന്നു: സൈജു തങ്കച്ചൻ അറസ്റ്റിൽ

കൊച്ചി : 2021ൽ മോഡലുകളായ രണ്ടു യുവതികൾ വാഹനാപകടത്തിൽ മരിച്ച സംഭവത്തിൽ ഉൾപ്പെടെ നിരവധി കേസുകളിൽ പ്രതിയായ സൈജു തങ്കച്ചൻ അറസ്റ്റിൽ. കൊടുങ്ങല്ലൂർ സ്വദേശിയായ അഭിനന്ദ് എന്നയാളെ ബിസിനസ് സംബന്ധമായ കാര്യങ്ങൾ സംസാരിക്കാൻ എന്ന പേരിൽ ചിലവന്നൂരിലുള്ള ഡ്രീം ലാൻഡ് വ്യൂ എന്ന ഹോട്ടലിലേക്ക് വിളിച്ചു വരുത്തി സൈജുവും സുഹൃത്ത് റെയ്സ്, റെയ്സിന്റെ ഭാര്യ റെമീസ് എന്നിവർ ചേർന്ന് ഭീഷണിപ്പെടുത്തുകയും അഭിനന്ദിന്റെ ഹോണ്ട അമേസ് കാർ കവർച്ച ചെയ്യുകയും ചെയ്തു എന്ന കേസിലാണ് സൈജുവിനെ അറസ്റ്റ് ചെയ്തത്.

മോഡലുകളായ യുവതികൾ പാലാരിവട്ടത്ത് വച്ച് വാഹനാപകടത്തിൽ കൊല്ലപ്പെട്ട കേസ് ഉൾപ്പെടെ ഒട്ടേറെ മയക്കുമരുന്ന് കേസിലും പോക്സോ കേസിലും പ്രതിയാണ് സൈജു എന്ന് പൊലീസ് വ്യക്തമാക്കി. എറണാകുളം ടൗൺ സൌത്ത്, പാലാരിവട്ടം, ഇൻഫോപാർക്ക്, പനങ്ങാട്, മരട്, ഫോർട്ട് കൊച്ചി, തൃക്കാക്കര, ഇടുക്കി വെള്ളത്തൂവൽ തുടങ്ങി നിരവധി സ്റ്റേഷനുകളിൽ സൈജുവിനെതിരെ കേസുകൾ നിലവിലുണ്ട്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

മുൻ മിസ് കേരള അൻസി കബീർ, റണ്ണറപ്പായിരുന്ന അഞ്ജന എന്നിവരുടെ മരണം വലിയ കോളിളക്കമുണ്ടാക്കിയിരുന്നു. ഫോർട്ട് കൊച്ചിയിലെ ഹോട്ടൽ 18ൽ നിന്ന് പാർട്ടി കഴിഞ്ഞിറങ്ങിയ ഇവരുടെ കാർ സൈജുവാണ് പിന്തുടർന്നത് എന്നതാണ് കേസ്. തുടർന്ന് പാലാരിവട്ടത്ത് വച്ച് വാഹനം അപകടത്തിൽപ്പെടുകയും രണ്ടു പെൺകുട്ടികളും മരിക്കുകയും ചെയ്തു. ഇവരെ പാർട്ടിക്കു ശേഷവും ഹോട്ടലിൽ തുടരാൻ പ്രേരിപ്പിച്ച കുറ്റത്തിന് ഉടമ റോയ് വയലാട്ടിലും പ്രതിയാക്കപ്പെട്ടിരുന്നു. റോയി വയലാട്ടിലിന്റെ നിർബന്ധത്തിനു വഴങ്ങാതെ ഇവർ ഹോട്ടലിൽനിന്ന് പോവുകയായിരുന്നു.

ഹോട്ടലിൽ മയക്കുമരുന്ന് ഉപയോഗിക്കുന്ന ദൃശ്യങ്ങൾ പുറത്തു വരാതിരിക്കാൻ സിസിടിവി ഉൾപ്പെടെ നശിപ്പിച്ച കേസിൽ റോയിയുടെ ഹോട്ടൽ ജീവനക്കാരും അറസ്റ്റിലായിരുന്നു. ഇതിനു പിന്നാലെ റോയ് വയലാട്ടിൽ, സൈജു തങ്കച്ചൻ എന്നിവർക്കെതിരെ കൂടുതൽ പരാതികൾ ഉയരുകയും പോക്സോ കേസ് ഉൾപ്പെടെ റജിസ്റ്റർ ചെയ്യുകയും ചെയ്തു

# ഇഡി നടപടിയെ നിയമപരമായി നേരിടുമെന്നു സിപിഎം

തൃശൂർ: കരുവന്നൂർ സഹകരണ തട്ടിപ്പുകേസിൽ സിപിഎമ്മിൻറെ സ്ഥിരനിക്ഷേപങ്ങളും അക്കൗണ്ടുകളും സ്ഥലവും കണ്ടുകെട്ടിയ ഇഡി നടപടിയെ നിയമപരമായി നേരിടുമെന്നു സിപിഎം ജില്ലാ സെക്രട്ടേറിയറ്റ്.

ക്രമക്കേടു നടത്തിയവരിൽ ചിലരെ മാപ്പുസാക്ഷികളാക്കി, നിർമിതമൊഴിയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഏജൻസിയായ ഇഡിയുടെ നടപടി. കേന്ദ്രസർക്കാർ കൊണ്ടുവന്ന ഇലക്ടറൽ ബോണ്ടിനെതിരെ ശക്തമായ നിലപാടു സ്വീകരിച്ചതിലുള്ള ശത്രുതയാണു സിപിഎമ്മിനെ വേട്ടയാടാനുള്ള കാരണം.

സിപിഎമ്മിനെ തകർക്കാൻ ഇഡിയെ ബിജെപി ദുരുപയോഗിക്കുകയാണ്. കേന്ദ്ര ഏജൻസിയുടെ ഭീഷണിക്കു മുന്പിൽ മുട്ടുമടക്കില്ല. ബിജെപിയുടെ വർഗീയ വിഭജന നയങ്ങൾക്കെതിരെ വീട്ടുവീഴ്ചയില്ലാതെ പോരാടും. ഇഡി കെട്ടിച്ചമച്ച കേസുകളുടെ വിവരങ്ങൾ ഉയർത്തിക്കാട്ടി അപമാനിക്കുന്ന വലതുപ്രചാരകരുടെ ഇരട്ടത്താപ്പ് തിരിച്ചറിയണമെന്നും ജില്ലാ സെക്രട്ടേറിയറ്റ് അഭിപ്രായപ്പെട്ടു.

സിപിഎം ജില്ലാ കമ്മിറ്റിയുടെ വർഷങ്ങൾ പഴക്കമുള്ള രണ്ടു സ്ഥിരനിക്ഷേപം ഉൾപ്പെടെയുള്ള ചില അക്കൗണ്ടുകളും പൊറത്തിശേരി ലോക്കൽ കമ്മിറ്റി ഓഫീസ് നിർമാണത്തിനായി വാങ്ങിയ 4.66 സെൻറ് സ്ഥലവുമാണ് ഇഡി കണ്ടുകെട്ടിയിട്ടുള്ളത്. സിപിഎമ്മിൻറെ വസ്തുവകകളും ബാങ്ക് നിക്ഷേപങ്ങളും കൈമാറ്റം ചെയ്യപ്പെടുമെന്ന വ്യാജേന ഇഡി ഇറക്കിയിട്ടുള്ള ഉത്തരവ് പുകമറ സൃഷ്ടിക്കാനാണ്.

ജില്ലയിലെ രണ്ടു പ്രമാദമായ സംഭവങ്ങളായിരുന്നു കൊടകര കുഴൽപ്പണക്കേസും കൊടുങ്ങല്ലൂരിലെ കള്ളനോട്ടടിയും. അന്തർസംസ്ഥാന ബന്ധങ്ങളുള്ള ഈ രാജ്യവിരുദ്ധ കേസുകൾ കേന്ദ്ര ഏജൻസികൾ അന്വേഷിക്കണമെന്നു സംസ്ഥാന പോലീസ് ആവശ്യപ്പെട്ടിട്ടും നടപടി ഉണ്ടായില്ല. ബിജെപിക്കാർ പ്രതികളായ കേസുകളായതിനാലാണ് ഇഡി, സിബിഐ എന്നീ ഏജൻസികൾ ഈ കേസുകൾ അന്വേഷിക്കാതെ കണ്ണടച്ചിരിക്കുന്നതെന്നും സെക്രട്ടേറിയറ്റ് ആരോ പിച്ചു.

# കലയുടേത് കൊലപാതകം തന്നെ; പരിശോധനയിൽ തെളിവുകൾ ലഭിച്ചതായി ആലപ്പുഴ എസ്പി

ആലപ്പുഴ: മാന്നാറിലെ കല കൊല്ലപ്പെട്ടതെന്ന് പോലീസ് സ്ഥിരീകരിച്ചു. പരിശോധനയിൽ തെളിവുകൾ ലഭിച്ചതായും ആലപ്പുഴ എസ്പി വ്യക്തമാക്കി. സെപ്റ്റിക് ടാങ്കിൽനിന്ന് ലഭിച്ച സാമ്പിളുകൾ ഉടൻ ഫോറൻസിക്ക് പരിശോധനയ്ക്ക് അയക്കും. പരിശോധന ഫലം വന്നതിന് ശേഷം മാത്രമേ കൂടുതൽ വിവരങ്ങൾ വ്യക്തമാകുകയുള്ളൂ.

അമ്പലപ്പുഴ പോലീസിന് ലഭിച്ച വിവരത്തിൻറെ അടിസ്ഥാനത്തിലാണ് നടപടികൾ ആരംഭിച്ചത്. ലഭിച്ച വിവരങ്ങൾ വിശ്വാസ യോഗ്യമായതിനാലാണ് അന്വേഷണം ആരംഭിച്ചത്. ഇവർക്ക് സാമ്പത്തിക ബാധ്യതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കുടുംബപരമായ പ്രശ്നങ്ങളുള്ളതായാണ് വിവരം ലഭിച്ചതെന്ന് എസ്പി അറിയിച്ചു.

യുവതിയുടെ ഭർത്താവിനെ ബന്ധപ്പെടാൻ സാധിച്ചിട്ടില്ല. ഇയാൾ നിലവിൽ ഇസ്രയേലിലാണ്. കൊല നടന്നത് വീട്ടുകാർ അറിഞ്ഞിരുന്നോ എന്നത് സ്ഥിരീകരിക്കാനായില്ല. ഈ സമയം വീട്ടിലുള്ളവർ സ്ഥലത്ത് ഉണ്ടായിരുന്നോ എന്ന് വ്യക്തമല്ല. കസ്റ്റഡിയിലുള്ളവരുടെ അറസ്റ്റ് ഉടനെ ഉണ്ടാകും. അനിലിൻറെ ബന്ധുക്കളും അല്ലാത്തവരും ഇതിലുണ്ട്. ഇവർക്ക് ക്രിമിനൽ പശ്ചാത്തലം ഉണ്ടോ എന്നത് പരിശോധിക്കണമെന്നും എസ്പി വ്യക്തമാക്കി.

ഇന്ന് ഉച്ചയോടെയായിരുന്നു പോലീസിന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെപ്റ്റിക് ടാങ്ക് തുറന്ന് പരിശോധന ആരംഭിച്ചത്. തുടർന്ന് സെപ്റ്റിക് ടാങ്കിൽ നിന്ന് സംശയാസ്പദമായ വസ്തുക്കൾ കണ്ടെത്തി. മൃതദേഹത്തിൻറെ അവശിഷ്ടങ്ങളാണ് കണ്ടെത്തിയതെന്ന് സംശയിക്കുന്നു. മാന്നാറിൽ നിന്ന് 20 വയസുകാരിയായ കല എന്ന യുവതിയെയാണ് 15 വർഷങ്ങൾക്ക് മുമ്പ് കാണാതായത്. ഇവരെ കാണാതായെന്ന പരാതി പോലും അന്ന് പോലീസിന് ലഭിച്ചിരുന്നില്ല. കല മറ്റൊരു ആൺ സുഹൃത്തിനൊപ്പം പോയെന്ന അഭ്യൂഹങ്ങളാണ് പരന്നത്. എന്നാൽ രണ്ട് മാസം മുമ്പാണ് കേസുമായി ബന്ധപ്പെട്ട് പോലീസിന് ഒരു ഊമക്കത്ത് ലഭിച്ചത്. മാന്നാർ കേസിൽ ഉൾപ്പെട്ട ഒരു പ്രതി മറ്റൊരു കൊലപാതകത്തിൻറെ ആസൂത്രണ വേളയിൽ വെളിപ്പെടുത്തിയ വിവരങ്ങളാണ് കത്തിലുണ്ടായിരുന്നത്.